പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.2017 മുതൽ 31.10.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 43അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.11.2018 മുതൽ 04.12.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ റ്റി. അനിൽകുമാർ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ അരുൺ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ അനിൽകുമാർ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി രാജശ്രീ സി.ആർ., ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വിജു രാധാകൃഷ്ണൻ | 01.04.2017-31.03.2018 |
| ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി സരസ്വതി ഗോപി | 01.04.2017-31.03.2018 |
| ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി രാധാമണി ഹരികുമാർ | 01.04.2017-31.03.2018 |
| ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ.സി മോഹനൻ നായർ | 01.04.2017-31.03.2018 |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി ശോഭന | 01.04.2017-31.03.2017 |
| സെക്രട്ടറി | ശ്രീ.വിദ്യാധരൻപിള്ള | 01.04.2017മുതൽ 16.04.2017വരെ (ചാർജ്ജ്) |
| | ശ്രീമതി ജെ.മേരിലത | 17.04.2017മുതൽ 17.07.2017വരെ |

| | | |
|---|---|---|
| | ശ്രീ.വിദ്യാധരൻപിള്ള | 18.07.2017മുതൽ 23.07.2017വരെ (ചാർജ്ജ്) |
| | ശ്രീമതി ജെ.മേരിലത | 24.07.2017മുതൽ 31.03.2018വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം:

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18

സൂചിക


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7. | തനത് വരുമാനം | 1-7 |
| 8. | സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10. | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12. | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13. | അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിച്ചില്ല : പഞ്ചായത്ത് ഫണ്ടിന് കോടികളുടെ നഷ്ടം | 2-1 |
| 14. | വാണിജ്യാവശ്യത്തിനുള്ള 100m2-ന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു -ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം | 2-2 |

| | | |
|---|---|---|
| 15. | വസ്തുനികതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല-പഞ്ചായത്തിന് ലക്ഷങ്ങൾ നഷ്ടം | 2-3 |
| 16. | വസ്തുനികതി നിർണ്ണയിച്ചതിൽ കുറവ് | 2-4 |
| 17. | മൊബൈൽ ടവറുകളുടെ വസ്തുനികതി നിർണ്ണയിച്ചില്ല | 2-5 |
| 18. | ഗ്രാമപ്പഞ്ചായത്തിന്റെ കടമുറി ഒഴിപ്പിച്ചെടുക്കണമെന്ന ഹൈക്കോടതി ഉത്തരവ് നടപ്പാക്കിയില്ല | 2-6 |
| 19. | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-7 |
| 20. | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-8 |
| 21. | ഡി & ഒ ലൈസൻസ് വിതരണത്തിലെ അപാകതകൾ | 2-9 |
| 22. | ഫാമുകൾ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടില്ല | 2-10 |
| 23. | വാടക പിരിവ് കാര്യക്ഷമമല്ല | 2-11 |
| 24. | രസീത് പരിശോധനയിൽ കണ്ട അപാകതകൾ | 2-12 |
| 25. | നിയമാനസൃത നിരക്കിൽ ജി.എസ്.റ്റി. ഈടാക്കുന്നില്ല | 2-13 |
| 26. | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല | 2-14 |
| | ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 27. | മുട്ടക്കോഴി വളർത്തൽ - ടെണ്ടർ നടപടിയിലെ പിഴവ് - ഒഴിവാക്കാമായിരുന്ന അധിച്ചെലവ് 1.75 ലക്ഷം രൂപ | 3-1 |
| 28. | മുട്ടക്കോഴി വളർത്തൽ പദ്ധതി - ഫലപ്രാപ്തി സംബന്ധിച്ച വിശകലനം നടത്തുന്നില്ല | 3-2 |
| 29. | പട്ടികജാതി ഫണ്ട് വകയിരുത്തി ആവിഷ്കരിച്ച കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതി നടപ്പിലാക്കിയില്ല – 15.65 ലക്ഷം രൂപ ലാപ്സാക്കി | 3-3 |
| 30. | ലോകബാങ്ക് ധനസഹായ തുക 40.13 ലക്ഷം രൂപ നഷ്ടപ്പെടുത്തി | 3-4 |
| 31. | പഞ്ചായത്തിന്റെ അലംഭാവം; 18 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ച കുടിവെള്ള പദ്ധതി നിർജ്ജീവം | 3-5 |
| 32. | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല | 3-6 |
| 33. | ഭരണസമിതിയുടെ അംഗീകാരമില്ലാതെ പർച്ചേസ് നടത്തി | 3-7 |
| 34. | ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്താതെ ആനുകൂല്യം നൽകി | 3-8 |
| 35. | വിവാഹ ധനസഹായം-അർഹത ഉറപ്പുവരുത്തിയില്ല | 3-9 |
| 36. | ഫീസിബിലിറ്റി സർട്ടിഫിക്കേറ്റ് ഇല്ലാതെ പ്രത്യേക ഘടകപദ്ധതി ഫണ്ട് ചെലവഴിച്ചു | 3-10 |
| 37. | ഓലിക്കുളങ്ങര സാംസ്കാരിക നിലയത്തിന് പുസ്തകവും റാക്കും വാങ്ങൽ | 3-11 |
| 38. | ആശ്രയ രണ്ടാം ഘട്ട പദ്ധതി അവലോകനം | 3-12 |
| 39. | ലൈഫ് മിഷനവേണ്ടി സംഭാവനകൾ | 3-13 |

| | | |
|---|---|---|
| | സ്വീകരിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശം നടപ്പാക്കിയില്ല | |
| 40. | ശുചിത്വ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നില്ല | 3-14 |
| 41. | മരാമത്ത് മേഖലയിൽ അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നു; ആവിഷ്കരിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല | 3-15 |
| 42. | ഒ.ഡി.എഫ്. - തിരികെ ലഭിച്ച 41.76 ലക്ഷം രൂപ തനത് ഫണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നു | 3-16 |
| 43. | വൈദ്യുതി കണക്ഷൻ ത്രീഫേസ് ആക്കണമെന്ന കെ.എസ്.ഇ.ബി. നോട്ടീസ് പഞ്ചായത്ത് അവഗണിച്ചു; പിഴ ചാർജ്ജ് ഇനത്തിൽ നഷ്ടമായത് ലക്ഷങ്ങൾ | 3-17 |
| 44. | പൊതു ടാപ്പുകളുടെ വെള്ളക്കരം; പാഴ്ചെലവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല | 3-18 |
| 45. | കുടിശ്ശിക ഒടുക്കുന്നതിന് നടപടി സ്വീകരിക്കണം | 3-19 |
| 46. | മാർക്കറ്റ് ക്ലീനിംഗിന് ദിവസ വേതനാടിസ്ഥാനത്തിൽ തൊഴിലാളികളെ | 3-20 |
| 47. | സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് - പദ്ധതി നടപ്പിലാക്കാത്തതിനാലുള്ള പാഴ്ചെലവ് | 3-21 |
| 48. | മഴക്കാല പൂർവ്വ ശുചീകരണത്തിന് തനത് ഫണ്ടിൽനിന്നും ചെലവഴിച്ച തുക ക്രമീകരിച്ചില്ല | 3-22 |
| 49. | ദിവസവേതനാടിസ്ഥാനത്തിലുള്ള തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി - അപാകതകൾ | 3-23 |
| 50. | പത്ര പരസ്യം - സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനവും, പഞ്ചായത്ത് ഫണ്ടിന്റെ ധൂർത്തും | 3-24 |
| 51. | പദ്ധതി നിർവ്വഹണ ചെലവ് പരിധി ലംഘിച്ചു | 3-25 |
| 52. | റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കലും, ദുർവിനിയോഗവും | 3-26 |
| 53. | തെരുവ് വിളക്കുകൾക്കുവേണ്ടി വൻതുക മുടക്കി വാങ്ങിയ ഉപകരണങ്ങളുടെ വിനിയോഗ വിവരം ഇല്ല | 3-27 |
| 54. | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല – ക്രമീകരിക്കാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് 69.29 ലക്ഷം രൂപ | 3-28 |
| 55. | ഫലപ്രാപ്തിയിലെത്താത്ത പദ്ധതികൾ | 3-29 |
| 56. | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - സെന്റേജ് ചാർജ്ജ് 2.5% അധികം കണക്കാക്കിയതും മറ്റ് അപാകതകളും | 3-30 |
| 57. | എഗ്രിമെന്റ് ചമയ്ക്കാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക മുൻകൂർ നൽകി | 3-31 |
| 58. | വിവിധ കാരണങ്ങളാൽ തടസ്സപ്പെടുത്തിയ ചെലവുകൾ | 3-32 |
| 59. | ഭിന്നശേഷിക്കാരായ വ്യക്തികളുടെ രജിസ്റ്റർ തയ്യാറാക്കിയില്ല | 3-33 |
| 60. | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് അർഹമായ ആനുകൂല്യം നൽകിയില്ല | 3-34 |
| 61. | ഇ.എം.എസ്. ഭവന പദ്ധതി - വിതരണം ചെയ്യാത്ത 10.5ലക്ഷം രൂപ തുക അക്കൌണ്ടിൽ | 3-35 |

| | | |
|---|---|---|
| | സൂക്ഷിക്കുന്നു | |
| 62. | അങ്കണവാടികൾ പ്രവർത്തിക്കുന്നത് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ | 3-36 |
| 63. | അങ്കണവാടിക്കെട്ടിടങ്ങളുടെ വാടക നൽകുന്നില്ല | 3-37 |
| 64. | ഗുണഭോക്തൃസമതിയുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കാതെ ഫൈനൽ ബിൽ നൽകി | 3-38 |
| 65. | ചെക്ക് മെഷർമെന്റ് നടത്താതെ ഫൈനൽ ബിൽ തുക നൽകി | 3-39 |
| 66. | ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല | 3-40 |
| 67. | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗിച്ചില്ല | 3-41 |
| | ഭാഗം 4: പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 68. | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 69. | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 70. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 71. | വായ്പ തിരിച്ചടവിന്റെ വിവരം | 4-4 |
| 72. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 73. | ഓഡിറ്റ് റിക്കവറി | 4-6 |
| 74. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 75. | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 |
| 76. | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 77. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |



# ഭാഗം 1
## പൊതു അവലോകനം

### 1-1 ബജറ്റ്

| | |
|---|---|
| 2017-18-ലെ ബജറ്റ് പാസ്സാക്കിയ നം./തീയ്യതി | 27.03.2017ലെ 1-ാം നമ്പർ തീരുമാനം |
| ബജറ്റ് പുതുക്കിയത് | 23.03.2018 |

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (+/-) |
|---|---|---|---|
| മുന്നിരിപ്പ് | 15478774 | 20117539 | -4638765 |
| വരവ് | 195505200 | 77533134 | 117972066 |
| ആകെ | 210983974 | 97650673 | 113333301 |
| ചെലവ് | 200110000 | 76895051 | 123214949 |
| നീക്കിയിരിപ്പ് | 10873974 | 20755622 | -9881648 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും, ചെലവും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ വ്യത്യാസം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷത്തെ വരവ് ചെലവ് കണക്കുകളെയും, പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സെക്രട്ടറി സമർപ്പിച്ചിട്ടില്ല. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചല്ല കരട് ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ളതെന്ന് ബജറ്റ് കണക്കുകളിലെ വ്യതിയാനങ്ങളിൽനിന്നും വ്യക്തമാണ്. ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റികളിലും, ജനറൽ കമ്മിറ്റിയിലും വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് മിനിട്ട്സിൽ രേഖപ്പെടുത്തൽ ഇല്ല.

1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1.11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 27.10.2018 | 09/ 2018 | 01.11.2018 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.2018 -13.09.2018 | 2013-14 TO 2017-18 | 23.10.2018 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 21.07.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ചതിന്റെ വിവരം |
|---|---|
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി10\1098\18 തീയതി 31.08.2018 |

പരിശോധനയുടെ അടിസ്ഥാനത്തിൽ വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് & പേമെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 20117539 |
| വരവ് | 77533134 |
| ആകെ | 97650673 |
| ചെലവ് | 76895051 |
| നീക്കിബാക്കി | 20755622 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | സ്പിൽ ഓവർ പ്രോജക്ടുകൾക്കു ലഭിക്കാവുന്ന തുക | സംസ്ഥാന സർക്കാർ അനുവദിച്ച തുക | ആകെ തുക | വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക | ചെലവ് തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 763894 | 16921000 | 16921000 | 17684894 | 15125043 | 1795957 | 85.53 |
| വികസന ഫണ്ട് (എസ്.സി.പി) | 2951967 | 10616512 | 10616512 | 13074967 | 5483631 | 5132881 | 41.94 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 126000 | 126000 | 126000 | 0 | 126000 | 0 |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 1282413 | 7947356 | 7947356 | 10795211 | 6429587 | 1517769 | 59.56 |
| ലോക ബാങ്ക് സഹായം കേന്ദ്ര വിഹിതം | 4019565 | 0 | 4019565 | 4019565 | 0 | 4019565 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12376000 | 12376000 | 16916450 | 7101002 | 5274998 | 41.98 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4057000 | 4057000 | 4814780 | 3334943 | 722057 | 69.26 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 193 | 118 | 20 | 55 | 61 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 27 | 19 | 13823893 | 8744429 | 63 |
| കൃഷി ഓഫീസർ | 6 | 5 | 3933783 | 3024151 | 77 |
| വെറ്റിനറി സർജൻ | 7 | 2 | 4217600 | 1426790 | 34 |
| വി.ഇ.ഒ. | 14 | 12 | 7845990 | 6389590 | 81 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 92 | 44 | 37733211 | 10706278 | 28 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 5092902 | 4885907 | 96 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 12 | 9 | 3753000 | 3046536 | 81 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 3 | 3 | 1025000 | 1023200 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 150000 | 150000 | 100 |
| ഹെഡ് മാസ്റ്റർ, ഗവ. എൽ.പി.എസ് | 9 | 7 | 3341598 | 1824250 | 55 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 1300000 | 895000 | 69 |
| അസ്സിസ്റ്റന്റ് | 15 | 9 | 4790260 | 1387200 | 29 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | | | | | |
| ആകെ | 193 | 118 | 87007237 | 43503331 | 50 |

പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.
2. മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര – റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
3. ഗ്രാമപഞ്ചായത്തിൽ പൊതു ശ്മശാനവും, അറവു ശാലയും സ്ഥാപിക്കപ്പെട്ടിട്ടില്ല. പൊതു ശ്മശാനവും, അറവു ശാലയും ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ അവ സ്ഥാപിക്കുന്നതിന് വികസന ഫണ്ടിൽനിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.
4. വനിതാ ഘടക പദ്ധതി - അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ മിക്ക പ്രോജക്ടുകളും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല.
5. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിച്ച പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7446850 | 12524603 | 5077753 | 68.19 |
| നികുതിയേതര വരവുകൾ | 2226426 | 3873892 | 1647466 | 74 |
| ആകെ | 9673276 | 16398495 | 6725219 | 69.52 |

## 1-8 സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം

| ക്രമ നം. | പദ്ധതി | 2017-18 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 28 | 24 | 4 |
| 2 | തൊഴിൽ രഹിത വേതനം | 17 | 12 | 5 |
| 3 | വിധവാ പെൻഷൻ | 103 | 100 | 3 |
| 4 | വികലാംഗ പെൻഷൻ | 60 | 55 | 5 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 548 | 413 | 135 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.12.2018 10.30AM-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 43031 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പൊതുനിയന്ത്രണം: ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. രേഖകളും, രജിസ്റ്ററുകളും കാര്യക്ഷമമായി സൂക്ഷിക്കുന്നതിനുവേണ്ടി റിക്കോർഡ് റൂം സജ്ജീകരിച്ചിട്ടില്ല. ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചുകൊണ്ട് ജോലിവിഭജനം നടത്തിയിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ ഘടകങ്ങളും ജീവനക്കാരിൽതന്നെ നിക്ഷിപ്തമാവാതെ ചുമതലകൾ വേർതിരിച്ച് സ്ഥാപനത്തിന്റെ ദൈനംദിന ഇടപാടുകളും, പ്രവർത്തനങ്ങളും സുഗമമായി മുന്നോട്ടു നീങ്ങുന്നു.

വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

അക്കൗണ്ടിംഗ് സംവിധാനം: സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തിരമുള്ള അക്കൗണ്ടിംഗ് സംവിധാനം തൃപ്തികരമാണ്.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

1. വസ്തുനികുതിയിനത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും ധനകാര്യപത്രിക പ്രകാരവും ഉള്ള തുകകൾ പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിച്ചില്ല; പഞ്ചായത്ത് ഫണ്ടിന് കോടികളുടെ നഷ്ടം

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് പ്രമുഖ സ്വാശ്രയ കോളജുകളുടെ വസ്തുനികുതി നാളിതുവരെ നിർണ്ണയിച്ചിട്ടില്ല. ഇതുമൂലം വസ്തുനികുതിയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് പ്രതിവർഷം ലക്ഷങ്ങളുടെ നഷ്ടമുണ്ടാകുന്നു. കെ.വി.വി.എസ്. കോളജ് ഓഫ് എഞ്ചിനീയറിംഗ്, കൈതപ്പറമ്പ്, എസ്.എൻ.ഐ.റ്റി., തേപ്പുപാറ എന്നീ സ്ഥാപനങ്ങളാണ് പഞ്ചായത്തിന്റെ അനുമതികൂടാതെ പതിനായിരക്കണക്കിന് ച.മീറ്റർ വിസ്തൃതിയുള്ള കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് അനധികൃതമായി ഉപയോഗിച്ചുവരുന്നത്. പഞ്ചായത്തിൽനിന്നും ലഭ്യമായ രേഖകൾ പ്രകാരം കെ.വി.വി.എസ്.കോളജ് ഓഫ് എഞ്ചിനീയറിംഗിന്റെ ഉടമസ്ഥതയിൽ ഏകദേശം 10000ച.മീറ്ററും എസ്.എൻ.ഐ.റ്റിയുടെ ഉടമസ്ഥതയിൽ 34205.15ച.മീറ്ററും ഉള്ള കെട്ടിടങ്ങൾ ക്രമവൽക്കരണം നടത്തി നികുതി നിർണ്ണയിക്കാൻ അവശേഷിക്കുന്നു.



SNIT, തേപ്പുപാറ, അടൂർ




KVVS കോളജ്, കൈതപ്പറമ്പ്

കെ.വി.വി.എസ്. കോളജ് നടത്തിയിട്ടുള്ള കെട്ടിട നിർമ്മാണത്തെ സംബന്ധിച്ച യാതൊരു രേഖയും പഞ്ചായത്തിൽ ലഭ്യമല്ല. എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തെ നിയോഗിച്ച്, നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ അളവെടുത്ത് വിശദാംശം ഓഡിറ്റിന് ലഭ്യമാക്കണമെന്ന് 30.11.18-ൽ 30-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഓഡിറ്റ് നിർദ്ദേശം പാലിക്കാൻ പഞ്ചായത്ത് തയ്യാറായിട്ടില്ല. ഏകദേശം പതിനായിരം ച.മീറ്റർ വരുന്ന കെട്ടിടങ്ങൾ ഉള്ളതായി ഒരു മറുപടി മാത്രമാണ് സെക്രട്ടറി ലഭ്യമാക്കിയത്.

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 235എ, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം ഗ്രാമപ്പഞ്ചായത്തിന് അധികാരമുണ്ട്. ഇത്തരം കെട്ടിടങ്ങൾക്ക് അവ നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന 'യു.എ.' എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷവും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകി വസ്തുനികുതി നിർണ്ണയിക്കണമെന്നും, എന്നാൽ ഈ നമ്പർ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളതല്ല എന്നും ചട്ടം 20(2) വ്യക്തമാക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235(AA) പ്രകാരം ഒരു കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടാൽ ആയതിന് സ്വീകരിക്കേണ്ട നടപടികൾക്ക് ഭംഗം വരാതെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന നികുതിയും, അതിന്റെ രണ്ടിരട്ടിയും ചേർന്ന തുക വസ്തുനികുതിയായി കെട്ടിട ഉടമയിൽനിന്നും ഈടാക്കണം. നിയമത്തിൽ ഇപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് ചട്ട പ്രകാരം യു.എ നമ്പർ നൽകി വസ്തുനികുതി നിർണ്ണയിക്കാൻ നടപടി സ്വീകരിക്കാതിരുന്നത് പഞ്ചായത്ത് അധികൃതരുടെ ബോധപൂർവ്വമായ നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ നികുതി നിർണ്ണയം നടത്താത്തതുമൂലം പഞ്ചായത്ത് ഫണ്ടിന് നാളിതുവരെ ഉണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | നിർമ്മിത വിസ്തീർണ്ണം | പ്രതിവർഷം ഈടാക്കേണ്ട നികുതി @8/ച.മീറ്റർ | 2013-14 മുതൽ 2018-19വരെയുള്ള നഷ്ടം |
|---|---|---|---|
| എസ്.എൻ.ഐ.റ്റി, തേപ്പുപാറ | 34205.15 | 273641.2 | 4925542 |
| KVVSകോളജ് ഓഫ് എഞ്ചിനീയറിംഗ്, | 10000 | 80000 | 1440000 |

| | | | |
|---|---|---|---|
| കൈതപ്പറമ്പ് | | | |

മേൽ പറഞ്ഞത് കൂടാതെ ശ്രീ കെ.എം. രാജു, കൊച്ചുതുണ്ടിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കല്യാണ മണ്ഡപം ഉൾപ്പടെയുള്ള (എംസൺ ഓഡിറ്റോറിയം) വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിട സമുച്ചയങ്ങളുടെ വസ്തു നികുതി പൂർണ്ണമായും നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. ആകെ 10271.92 m2 വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ടിയാളുടെ ഉടമസ്ഥതയിലുള്ളതായി എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയർ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുള്ളതാണ്. എന്നാൽ ഇതിൽ 5242.92 ച.മീറ്റർ കെട്ടിടത്തിന്റെ നികുതി മാത്രമാണ് നിർണ്ണയിച്ചിട്ടുള്ളത്. അവശേഷിച്ച 5029 ച.മീറ്റർ അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച് നികുതിനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഇത് അനധികൃത നിർമ്മാണമായി കണക്കാക്കി നികുതി ചുമത്താത്തത് മൂലം പഞ്ചായത്തിന് 2013-14 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 4526100 രൂപയുടെ (5029x₹50x3x6) നികുതി നഷ്ടമുണ്ടായിട്ടുണ്ട്.

അനധികൃത കെട്ടിട നിർമമാണങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമമാണ ചട്ടം 19, 20, 134 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ അനുമതിയില്ലാതെ നടന്നിട്ടുള്ള ടി വൻകിട കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കാതിരുന്നതും, നിയമ പ്രകാരം വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കാതിരുന്നതും പഞ്ചായത്ത് ഭരണസമിതിയുടെയും, ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണ്. ഈ വിഷയത്തിൽ ഭരണവകുപ്പിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമവും, ചട്ടവും പ്രകാരം നടപടി സ്വീകരിക്കുന്നതിന് വീഴ്ചവരുത്തുകയും, പഞ്ചായത്ത് ഫണ്ടിന് കോടികളുടെ നഷ്ടം വരുത്തുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ വകുപ്പ് തല നടപടികൾക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

അടിയന്തിരമായി അനധികൃത നിർമ്മാണങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 വാണിജ്യാവശ്യത്തിനുള്ള **100m2-**ന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു -ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ വലിയ കുറവുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 70/-രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (G6-4982/2011തീ:24.04.2012). വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ് മെന്റ് രജിസറ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | കെട്ടിട നം /വാർഡ് നം | *കെട്ടിടത്തിന്റെ വിസ്തീർണ്ണം* | *നിർണ്ണയിച്ച നികുതി- അർഹതപ്പെട്ട വർദ്ധനവ്/ഇളവ് ഉൾപ്പെടെ (ച.മീറ്ററിന് 50രൂപ നിരക്കിൽ)* | *നിർണ്ണയിക്കേണ്ട നികുതി- അർഹതപ്പെട്ട വർദ്ധനവ്/ഇളവ് ഉൾപ്പെടെ (ച.മീറ്ററിന് 70രൂപ നിരക്കിൽ)* | കുറവ് |
|---|---|---|---|---|---|
| ഗീവർഗ്ഗീസ് ജോൺ | 768/20 | 30 | 30*50=1500+300(20%വർദ്ധനവ്)=1800 | 30*70=2100+420(20%വർദ്ധനവ്) =2520 | 720 |
| | 769/20 | 30 | 30*50=1500+300(20%വർദ്ധനവ്)=1800 | 30*70=2100+420(20%വർദ്ധനവ്) =2520 | 720 |
| | 770/20 | 25.5 | 25.5*50=1275+255(20%വർദ്ധനവ്)=1530 | 25.5*70=1785+357 (20%വർദ്ധന)=2142 | 612 |
| | 771/20 | 25.5 | 25.5*50=1275+255(20%വർദ്ധനവ്)=1530 | 25.5*70=1785+357 (20%വർദ്ധന)=2142 | 612 |
| | 772/20 | 25.5 | 25.5*50=1275+255(20%വർദ്ധനവ്)=1530 | 25.5*70=1785+357 (20%വർദ്ധന)=2142 | 612 |
| | 773/20 | 22.5 | 22.5*50=1125+225(20%വർദ്ധനവ്)=1350 | 22.5*70=1575+315(20%വർദ്ധനവ്)=1890 | 540 |
| | 774/20 | 22.5 | 22.5*50=1125+225(20%വർദ്ധനവ്)=1350 | 22.5*70=1575+315(20%വർദ്ധനവ്)=1890 | 540 |
| | 775/20 | 22.5 | 22.5*50=1125+225(20%വർദ്ധനവ്)=1350 | 22.5*70=1575+315(20%വർദ്ധനവ്)=1890 | 540 |
| | 776/20 | 22.5 | 22.5*50=1125+225(20%വർദ്ധനവ്)=1350 | 22.5*70=1575+315(20%വർദ്ധനവ്)=1890 | 540 |
| ആകെ | | | | | 5436 |
| ഷാജി ജോർജ് | 777/20 | 24 | 24*50=1200+240(20%വർദ്ധനവ്)=1440 | 24*70=1680+336(20%വർദ്ധനവ്)=2016 | 576 |
| | 778/20 | 24 | 24*50=1200+240(20%വർദ്ധനവ്)=1440 | 24*70=1680+336(20%വർദ്ധനവ്)=2016 | 576 |
| | 779/20 | 24 | 24*50=1200+240(20%വർദ്ധനവ്)=1440 | 24*70=1680+336(20%വർദ്ധനവ്)=2016 | 576 |
| | 780/20 | 24 | 24*50=1200+240(20%വർദ്ധനവ്)=1440 | 24*70=1680+336(20%വർദ്ധനവ്)=2016 | 576 |
| | 781/20 | 24 | 24*50=1200+240(20%വർദ്ധനവ്)=1440 | 24*70=1680+336(20%വർദ്ധനവ്)=2016 | 576 |
| | 782/20 | 24 | 24*50=1200+240(20%വർദ്ധനവ്)=1440 | 24*70=1680+336(20%വർദ്ധനവ്)=2016 | 576 |
| | 783/20 | 35 | 35*50=1750+350(20%വർദ്ധനവ്)=2100 | 35*70=2450+490(20%വർദ്ധനവ്)=2940 | 840 |

| | | | | | |
|---|---|---|---|---|---|
| | 784/20 | 35 | 35*50=1750+350(20%വർദ്ധനവ്)=2100 | 35*70=2450+490(20%വർദ്ധനവ്)=2940 | 840 |
| | 785/20 | 39 | 39*50=1950+390(20%വർദ്ധനവ്)=2340 | 39*70=2730+546(20%വർദ്ധനവ്)=3276 | 936 |
| ആകെ | | | | | 6072 |
| ഷാജി ജോർജ് | 795/20 | 24 | 24*50=1200+240(20%വർദ്ധനവ്)=1440-72(10% ഇളവ്)= 1320 | 24*70=1680+336(20%വർദ്ധനവ്)-168(10%ഇളവ്) =1848 | 528 |
| | 796/20 | 24 | 24*50=1200+240(20%വർദ്ധനവ്)=1440-72(10% ഇളവ്)= 1320 | 224*70=1680+336(20%വർദ്ധനവ്)-168(10%ഇളവ്) =1848 | 528 |
| | 797/20 | 24 | 24*50=1200+240(20%വർദ്ധനവ്)=1440-72(10% ഇളവ്)= 1320 | 24*70=1680+336(20%വർദ്ധനവ്)-168(10%ഇളവ്) =1848 | 528 |
| | 798/20 | 24 | 24*50=1200+240(20%വർദ്ധനവ്)=1440-72(10% ഇളവ്)= 1320 | 24*70=1680+336(20%വർദ്ധനവ്)-168(10%ഇളവ്) =1848 | 528 |
| | 799/20 | 24 | 24*50=1200+240(20%വർദ്ധനവ്)=1440-72(10% ഇളവ്)= 1320 | 24*70=1680+336(20%വർദ്ധനവ്)-168(10%ഇളവ്) =1848 | 528 |
| | 800/20 | 24 | 24*50=1200+240(20%വർദ്ധനവ്)=1440-72(10% ഇളവ്)= 1320 | 24*70=1680+336(20%വർദ്ധനവ്)-168(10%ഇളവ്) =1848 | 528 |
| | 801/20 | 24 | 24*50=1200+240(20%വർദ്ധനവ്)=1440-72(5%ഇളവ്) = 1320 | 24*70=1680+336(20%വർദ്ധനവ്)-168(10%ഇളവ്) =1848 | 528 |
| | 802/20 | 35 | 35*50=1750+350(20%വർദ്ധനവ്)=2100-105(5%ഇളവ്)=2013 | 35*70=2450+490(20%വർദ്ധനവ്)-123(5%ഇളവ്)=2817 | 804 |
| | 803/20 | 35 | 35*50=1750+350(20%വർദ്ധനവ്)=2100-105(5%ഇളവ്)=2013 | 35*70=2450+490(20%വർദ്ധനവ്)-123(5%ഇളവ്)=2817 | 804 |
| ആകെ | | | | | 5304 |
| ലീലാമ്മ തങ്കച്ചൻ | 853/20 | 58 | 58*50=2900+580(20%വർദ്ധനവ്)=3480 | 58*70=4060+812(20%വർദ്ധനവ്)=4872 | 1392 |
| | 854/20 | 74 | 74*50=3700+740(20%വർദ്ധനവ്)=4440 | 74*70=5180+1036(20%വർദ്ധനവ്)=6216 | 1776 |
| ആകെ | | | | | 3168 |
| അരുൺ കമാർ | 873/18 | 50.96 | 50.96*50=2548-254(10%ഇളവ്)=2294 | 50.96*70=3567-357(10%ഇളവ്)=3210 | 916 |
| | 874/18 | 50.96 | 50.96*50=2548-254(10%ഇളവ്)=2294 | 50.96*70=3567-357(10%ഇളവ്)=3210 | 916 |
| ആകെ | | | | | 1832 |
| വി.ഡി. ശാമുവേൽ | 643/8 | 60.2 | 60.2*50=3010-903(30%ഇളവ്)=2107 | 60.2*70=4214-1264(30%ഇളവ്)=2950 | 843 |
| | 644/8 | 72.8 | 72.8*50=3640-1092(30%ഇളവ്)=2548 | 72.8*70=5096-1529(30%ഇളവ്)=3567 | 1019 |
| ആകെ | | | | | 1862 |

വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതും നഷ്ടമായ തുക സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-3 വസ്തുനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല - പഞ്ചായത്തിന് ലക്ഷങ്ങൾ നഷ്ടം

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന വലിയ സ്ഥാപനങ്ങൾ വസ്തു നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള പ്ലിന്ത് ഏരിയ (ച.മീ.) | നിർണ്ണയിച്ച നികുതി | ഈടാക്കിയ കാലയളവ് | നിലവിൽ ഈടാക്കാൻ അവശേഷിക്കുന്ന നികുതി |
|---|---|---|---|---|---|
| 1. | എസ്.എൻ.ഐ.ടി. | 3130 | 152979 | 3/531ന്റെ കെട്ടിട നികുതി 2018-19 വരെ അടവാക്കിയിട്ടുണ്ട്.3/532 മുതൽ 535 വരെയുള്ള കെട്ടിടങ്ങളുടെ 2013-14 മുതലുള്ള വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നു. | 61074 |
| 2. | എംസൺ ഓഡിറ്റോറിയം ഏഴംകുളം | 5369.92 | 138462 | 8 കെട്ടിടങ്ങളുടെ നികുതി പൂർണ്ണമായി ഒടുക്കു വരുത്തിയിട്ടുണ്ട്.ബാക്കിയുള്ളവയുടെ 2013-14 മുതലുള്ള കുടിശ്ശികയുണ്ട്. | 365305 |
| 3. | കെ.വി.വി.എസ്. | നിർണ്ണയിച്ചിട്ടില്ല | 0 | 0 | നാളിതുവരെയും |

| | | | | | |
|---|---|---|---|---|---|
| | കോളേജ് ഓഫ് സയൻസ് & ടെക്നോളജി | | | | വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല |
| 4. | മിഥുന ഇന്റർ നാഷണൽ ഹോട്ടൽ | 2576.77 | 203410 (കെട്ടിടനം. 809മുതൽ 827വരെ പുതിയ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല) | 809 മുതൽ 812വരെയുള്ള കെട്ടിടങ്ങളുടെ നികുതി പഴയ നിരക്കിൽ പൂർണ്ണമായി അടവാക്കിയിട്ടുണ്ട്. കെട്ടിട നം.1029 ന്റെ 2015-16 മുതൽ 2018-19 വരെയും 1026 ന്റെ 2016-17 മുതൽ 18-19വരെയും ബാക്കിയുള്ളവയുടെ 2017-18മുതൽ 2018-19വരെയും അടവാക്കാൻ അവശേഷിക്കുന്നു. | 430358 |

വസ്തുനികുതി പിരിച്ചെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് നിരുത്തരവാദപരമായ സമീപനം കൈക്കൊള്ളുന്നത് അംഗീകരിക്കുന്നില്ല. മൂന്ന് വർഷം കഴിഞ്ഞ കുടിശ്ശിക കാലഹരണപ്പെടുന്നതാണ്. നികുതി കാലഹരണപ്പെടുന്നപക്ഷം നഷ്ടം സെക്രട്ടറിയിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണ്.

## 2-4 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

അഞ്ചാം വാർഡിൽ പള്ളിത്തെക്കേതിൽ ഫൈസൽ കോട്ടേജിൽ സർവ്വശ്രീ.നസീർ,നജീം, ഉസ്മാൻ റാവുത്തർ,സെനബാബീവി എന്നിവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിൽ 1109രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ആർമച്ചർ വർക്ക് ഷോപ്പായി ഉപയോഗിച്ചുവരുന്ന പ്രസ്തുത കെട്ടിടത്തെ കൈത്തറി ഷെഡ്ഡ് എന്ന വിഭാഗത്തിലുള്ള കെട്ടിടമായി കാണിച്ച് നികുതി നിർണ്ണയം നടത്തിയതുമൂലമാണ് നികുതിയിൽ കുറവുണ്ടായത്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | പ്ലിന്ത് ഏരിയ | ഉപയോഗത്തിന്റെ തരം | നിർണ്ണയിക്കേണ്ട നികുതി @₹50 (മേൽക്കൂര -10% ഇളവ് & വഴിസൌകര്യം- 20%വർദ്ധനവ്) | നിർണ്ണയിച്ച നികുതി @₹20 (മേൽക്കൂര 10%ഇളവ് & വഴിസൌകര്യം- 20%വർദ്ധനവ്) | കുറവ് |
|---|---|---|---|---|---|
| V/756 | 24.03 | വ്യവസായ ആവശ്യം | വസ്തുനികുതി 1322<br>ലൈബ്രറി സെസ്സ് 66<br>സേവന ഉപനികുതി 463<br>ആകെ 1851 | വസ്തുനികുതി 529<br>ലൈബ്രറിസെസ്സ് 66<br>സേവനഉപനികുതി 186<br>ആകെ 742 | 1109 |

നികുതിനിർണ്ണയത്തിലെ കുറവ് ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകത പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 2-5 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എത്ര മൊബൈൽടവറുകൾ പ്രവർത്തിക്കുന്നുവെന്ന വിവരം പഞ്ചായത്തിൽ ലഭ്യമല്ല. സഞ്ചയയിൽ മൂന്ന് ടവറുകളുടെ ഡേറ്റ മാത്രമാണുള്ളത്. മൊത്തം ഏഴ് ടവറുകളുള്ളതായി എക്സിറ്റ് മീറ്റിംഗിൽ ജനപ്രതിനിധികൾ അറിയിച്ചു.

പെർമിറ്റില്ലാതെ പ്രവർത്തനം തുടരുന്ന മൊബൈൽടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും കുടിശ്ശികയുൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014 തീയതിയിലെ സർക്കുലർ നമ്പർ 40395/RC2/2014/ത.സ്വ.ഭ.വ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഇത് പാലിച്ചിട്ടില്ല.

പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച്, എല്ലാ മൊബൈൽ ടവറുകളുടെയും വിശദാംശങ്ങൾ ശേഖരിക്കുന്നതിനും വസ്തുനികുതി ഈടാക്കാൻ വിട്ടുപോയിട്ടുള്ളവയുടെ കുടിശ്ശിക ഉൾപ്പെടെയുള്ള നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-6 ഗ്രാമപ്പഞ്ചായത്തിന്റെ കടമുറി ഒഴിപ്പിച്ചെടുക്കണമെന്ന ഹൈക്കോടതി ഉത്തരവ് നടപ്പാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഏഴംകുളം ഷോപ്പിംഗ് കോംപ്ലക്സിലെ അനധികൃത കൈയേറ്റം ഒഴിപ്പിക്കാൻ ഹൈക്കോടതി ഇറക്കിയ ഉത്തരവ് നാളിതുവരെ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയില്ല. 3-ാം നമ്പർ കടമുറിയിൽ കച്ചവടം നടത്തുന്ന ശ്രീ.പ്രസാദ്, കല്ലൂർ ഹൌസ്, അറുകാലിക്കൽ കിഴക്ക് എന്ന വ്യക്തിയെ രണ്ട് മാസത്തിനകം ഒഴിപ്പിക്കണമെന്നാണ് WP(C) 39352/2016-ാം നമ്പർ കേസിൽ 26.07.2017ൽ പുറപ്പെടുവിച്ച വിധിയിൽ കോടതി നിർദ്ദേശിച്ചിരുന്നത്.

വിധി പ്രസ്താവിച്ച ദിവസം മുതൽ രണ്ട് മാസത്തിനകം കടമുറി പുനർലേലം ചെയ്യണമെന്ന നിർദ്ദേശപ്രകാരം പുനർലേലം നടത്തിയിട്ടുണ്ട്. പുനർലേലത്തിൽ ശ്രീ.പ്രസാദ് തന്നെ പ്രതിമാസം 13500രൂപ വാടകയ്ക്ക് പ്രസ്തുത കടമുറി ലേലത്തിൽ എടുത്തെങ്കിലും യഥാസമയം പഞ്ചായത്തുമായി നിയമാനുസൃത കരാർ ചമയ്ക്കാതെ പിൻമാറുകയായിരുന്നു. തുടർന്ന് കഴിഞ്ഞ ഒരുവർഷമായി ടിയാൻ വാടക നൽകാതെ കടമുറി ഉപയോഗിച്ചുവരുന്നു.

ഈ വിഷയം സംബന്ധിച്ച് 23/26.11.18-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. വാടകക്കാരനെ ഒഴിപ്പിക്കുന്നതിന് പോലീസിന്റെ സഹായം തേടിക്കൊണ്ട് 09.11.2018ൽ അടൂർ പോലീസ് ഇൻസ്പെക്ടർക്ക് കത്ത് നൽകിയിരുന്നുവെന്നും എന്നാൽ പോലീസിന്റെ സഹായം ലഭ്യമായില്ല എന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. വിധി ലഭ്യമായി പതിനഞ്ച് മാസത്തോളം ഇക്കാര്യത്തിൽ ഭരണസമിതി നടപടി കൈക്കൊള്ളാതിരുന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു. നാളിതുവരെയുള്ള വാടകക്കുടിശ്ശിക ഈടാക്കുന്നതിനും കടമുറി ഒഴിപ്പിച്ചെടുക്കുന്നതിനും അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

1. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1. | സർവ്വീസ് കോ-ഓപറേറ്റീവ് സൊസൈറ്റി,തൊടുവക്കാട് | I, II |
| 2. | വടക്കേടത്ത് കൺസ്ട്രക്ഷൻ | I, II |
| 3. | കെ.എസ്.ഇ.ബി. ട്രാൻസ്മിഷൻ ഡിവിഷൻ | I |
| 4. | വൈറ്റ് വാൾ ആർക്കിടെക്ചറൽ സൊല്യൂഷൻ | II |
| 5. | പോസ്റ്റ് ഓഫീസ് ,പൂതുമല | II |
| 6. | ഉപാസന ഹോസ്പിറ്റൽ | II |
| 7. | പി.എൻ.എം. പബ്ലിക് സ്കൂൾ | II |
| 8. | ശാസ്ത്താ എന്റർ പ്രൈസസ് | II |
| 9. | പോസ്റ്റോഫീസ് ,കൈതപ്പറമ്പ് | I |
| 10. | റേഷൻ കടകൾ | I,II |

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾ.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1. | വൈറ്റ് വാൾ ആർക്കിടെക്ചറൽ സൊല്യൂഷൻ | I, II |
| 2. | സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്ക് | I, II |
| 3. | സർവ്വീസ് കോ-ഓപറേറ്റീവ് സൊസൈറ്റി | I, II |
| 4. | ലക്ഷ്മി ഫൈനാൻസിയേഴ്സ്, എഴംകുളം | II |
| 5. | വടക്കേടത്ത് കൺസ്ട്രക്ഷൻ, ഏനാത്ത് | II |
| 6. | ഡോണാ എന്റർപ്രൈസസ്, ഏനാത്ത് | II |
| 7. | ഉപാസനാ ഹോസ്പിറ്റൽ | II |
| 8. | ശാസ്ത്താ എന്റർപ്രൈസസ് | I, II |
| 9. | മണി മുറ്റത്ത് നിധി ലിമിറ്റഡ്, ഏനാത്ത് | I |
| 10. | മുത്തൂറ്റ് ഫിൻ കോർപ്, ഏനാത്ത് | II |
| 11. | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് ,ഏഴംകുളം | II |

| | | |
|---|---|---|
| 12. | എസ്.എസ്.മോട്ടോഴ്സ് | II |
| 13. | ശ്രീ ആശ്രയ ബാങ്കേഴ്സ് | II |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം.4 തീയതി.26.11.18) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്ത 10 കരാറുകാരാണ് ഉള്ളത്. കരാറുകാർ ആരും തന്നെ തൊഴിൽ നികുതി അടയ്ക്കുന്നില്ല.

| ക്രമനം. | പേര് | മേൽവിലാസം |
|---|---|---|
| 1 | വി.സുധീർ കുമാർ | മോളേത്ത് ഹൗസ്, പുതുമല |
| 2 | അജീഷ് ശ്രീധരൻ | കൈതക്കോണത്ത്, പാറക്കൂട്ടം പി.ഒ. |
| 3 | കെ.ജെ.ബിജു | കരകാളിൽ, പെരിങ്ങനാട് |
| 4 | ഉണ്ണികൃഷ്ണൻ | ഉഷ മന്ദിരം, പറക്കോട് |
| 5 | ബിനു തോമസ് | തൈവിളയിൽ പുത്തൻവീട്,വയല |
| 6 | ബിജു എം. | താജ് ഭവൻ, പഴകുളം |
| 7 | രാജേഷ് കുമാർ | ചക്കണാട്ട്,പുതുമല |
| 8 | ജോൺസൺ പി. | നെല്ലിവിളയിൽ, ഏഴംകുളം |
| 9 | ഷിബു വർഗ്ഗീസ് | ഷിബു ഭവനം, കടിക |
| 10 | കൃഷ്ണകുമാർ | ബീനാ ഭവൻ, തെങ്ങുംതറ |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205-ാം വകുപ്പ് പ്രകാരം ശമ്പളത്തിനോ വേതനത്തിനോ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികളും ഒരു അർദ്ധവർഷത്തിൽ തുടർച്ചയായോ അല്ലാതെയോ 60 ദിവസം പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്യുകയും 1996 -ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടത്തിൽ അനുശാസിക്കുന്ന കുറഞ്ഞ വേതനം കൈപ്പറ്റുകയും ചെയ്താൽ നിയമാനുസൃതമായി തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരാണ്. ടി കരാറുകാർ മറ്റേതെങ്കിലും പഞ്ചായത്തിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ അതിന്റെ രസീത് ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 2-9 ഡി & ഒ ലൈസൻസ് വിതരണത്തിലെ അപാകതകൾ

എ) *ലൈസൻസ് സമയബന്ധിതമായി പുതുക്കുന്നില്ല*

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കാനുള്ള അപേക്ഷ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുപ്പതു ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2017-18 ൽ 424 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ 21പേർ മാത്രമാണ് സമയക്രമം പാലിച്ചുകൊണ്ട് അപേക്ഷ നൽകിയത്. ഇതിൽ നിന്നും 01.04.2017 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് മിക്ക സ്ഥാപനങ്ങളും പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്നും പഞ്ചായത്തധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

ബി) *വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല*

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡി & ഒ ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് തന്നെ ലൈസൻസ് പുതുക്കാനുള്ള അപേക്ഷകൾ നൽകാൻ നിർദ്ദേശിക്കേണ്ടതുമാണ്. അവയിൽ നിന്നെല്ലാം ഫീസ് ഈടാക്കി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

സി) *ഡി & ഒ ലൈസൻസ് അപേക്ഷകളിലെ വിവരങ്ങൾ അപൂർണ്ണം*

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പ്രകാരം, ഒരു ദിവസത്തെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II-ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് സ്ഥാപനത്തിന്റെ ലൈസൻസ് ഫീ ഈടാക്കേണ്ടത്. എന്നാൽ പല അപേക്ഷകളിലും ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. സ്ഥാപനങ്ങൾക്ക് മുൻ വർഷം ഈടാക്കിയ തുക തന്നെ ലൈസൻസ് ഫീസായി തുടർന്നും ഈടാക്കുകയാണ് ചെയ്യുന്നത്. ഇതു കാരണം ലൈസൻസ് ഫീസ് ഇനത്തിൽ വൻതുക നഷ്ടമുണ്ടാകുന്നു. ദിവസേന വൻ തുക വിറ്റുവരവുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നത് കാരണം ഗ്രാമപഞ്ചായത്തിന് വരവിനത്തിൽ നഷ്ടം സംഭവിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനഉടമയുടെ പേര് | സ്ഥാപനം |
|---|---|---|
| 1 | കെവിൻ കാർത്തികേയൻ | ഡെസേർട്ട് ഫാൽക്കൺ ബിൽഡേഴ്സ് &ഡെവലപ്പേഴ്സ് |
| 2 | മനോജ് | ശ്രീ സായി എന്റർപ്രൈസസ് |
| 3 | നൈനാൻ പി.തോമസ് | ജെ.ജെ.റബ്ബേഴ്സ് |
| 4 | ഷീബാ സന്തോഷ് | നെപ്ട്യൂൺ ഡിജിറ്റൽ ഷോപ്പി |
| 5 | അബ്ദുൾ റസാഖ് | എസ്സാർ എഞ്ചിനീയറിംഗ് |
| 6 | ഉണ്ണികൃഷ്ണപിള്ള | കാർത്തിക എഞ്ചിനീയറിംഗ് |
| 7 | എ.വി.ജോർജ്ജ് | എ.വി.ജി.മോട്ടോഴ്സ് ലിമിറ്റഡ് |
| 8 | റ്റിൻസി ഷിബുസൺ | സെന്റ് മേരീസ് റബ്ബർ സ്റ്റോഴ്സ് |
| 9 | സുജാ വി.രാജു | മണ്ണിൽ റബ്ബർ സ്റ്റോഴ്സ് |

മുകളിൽ ചൂണ്ടിക്കാട്ടിയ സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാവിധ സ്ഥാപനങ്ങളിൽ നിന്നും പരമാവധി ലൈസൻസ് ഫീ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് അപേക്ഷകളിലെ വിവരങ്ങളുടെ കൃത്യത പരിശോധിച്ച് ഫീസിനത്തിൽ വരുമാനം നഷ്ടം ഉണ്ടാകുന്നില്ല എന്നും ഉറപ്പാക്കേണ്ടതാണ്.

ഡി) *മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ ഡി&ഒ ലൈസൻസ് അനുവദിക്കുന്നു*

ഡി & ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2017-18സാമ്പത്തിക വർഷത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ ലൈസൻസ് അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പേര്, സ്ഥാപനം | ലൈസൻസിന്റെ കാലാവധി |
|---|---|---|
| 1. | ഉണ്ണികൃഷ്ണപിള്ള,കാർത്തിക എഞ്ചിനീയറിംഗ് | ലഭ്യമല്ല |
| 2. | ഉണ്ണികൃഷ്ണപിള്ള,ശക്തി ബാറ്ററി ഹൗസ് | ലഭ്യമല്ല |
| 3. | രതീഷ് മോഹൻ,ആർ.ആർ. എഞ്ചിനീയറിംഗ് | ലഭ്യമല്ല |
| 4. | അർച്ചന കുമാരി, കാർത്തിക് എഞ്ചിനീയറിംഗ് | ലഭ്യമല്ല |
| 5. | ഫിലിപ്പോസ് കെ.,യുണീക് സ്റ്റീൽ | 31.12.2017 |
| 6. | അബ്ദുൾ റസാഖ്,എസ്സാർ എഞ്ചിനീയറിംഗ് | 31.12.2017 |
| 7. | സാറാ ബസ്സീസ,എസ്.എസ്.മോട്ടോഴ്സ് | 30.06.2017 |
| 8. | ബിന്ദു,പൗൾട്രി ഫാം | 31.12.2017 |
| 9. | ഡി.ഡി.ആർ.സി. ഏനാത്ത് | 31.12.2017 |
| 10. | രഘുനാഥൻ,സോഡാനിർമ്മാണ കമ്പനി | ലഭ്യമല്ല |
| 11. | എ.വി.ജോർജ്, എ.വി.ജെ. മോട്ടോഴ്സ് | 30.06.2017 |

മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമുള്ള സ്ഥാപനങ്ങൾ ആയത് ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-10 ഫാമുകൾ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടില്ല

ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ചുവടെ പറയുന്ന ഫാമുകളും എഗ്ഗർ നേഴ്സറികളും പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം. | പേര് | സ്ഥാപനം |
|---|---|---|
| 1. | ബിന്ദു,ഏനാത്ത് | പൗൾട്രി ഫാം |
| 2. | പ്രസന്നകുമാർ,തേപ്പുപാറ | പൗർണ്ണമി എഗ്ഗർ നേഴ്സറി |
| 3. | പി.കെ.ജ്യോതി,തൊടുവക്കാട് | സെന്റ് മേരീസ് ഡയറി ഫാം |

| | | |
|---|---|---|
| 4. | ബിജു മാത്യു<br>ഈശോ,നെടുമൺ | സോവാർ ഇന്റഗ്രേറ്റഡ് ഡയറി ഫാം |
| 5. | റെജി തോമസ്,ഏനാത്ത് | വൽസലഗിരി എഗ്ഗർ നേഴ്സറി |

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കന്നുകാലി, ആട്, കോഴി ഫാമുകൾ 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് എടുക്കുന്നില്ല. ചട്ടം 3 പ്രകാരം 5 എണ്ണത്തിൽ കൂടുതൽ കന്നുകാലികളെയോ 20 എണ്ണത്തിൽ കൂടുതൽ ആടുകളെയോ 100 എണ്ണത്തിൽ കൂടുതൽ പക്ഷികളെയോ വളർത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ഫാമുകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഇക്കാര്യത്തിൽ അടിയന്തിര ഇടപെടൽ നടത്തി ലൈസൻസ് നൽകേണ്ടതാണ്.

## 2-11 വാടക പിരിവ് കാര്യക്ഷമമല്ല

എ) *വാടക നിരക്ക് പരിഷ്കരിക്കുന്നില്ല - പഞ്ചായത്തിന് വരുമാന നഷ്ടം*

ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള ഏനാത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ 4 കടമുറികളാണ് ഉള്ളത്. അവയിൽനിന്നും തുച്ഛമായ വാടക മാത്രമാണ് ഈടാക്കിവരുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | മാസ വാടക |
|---|---|---|
| 1. | XIV/875 | 705 |
| 2. | XIV/876 | 746 |
| 3. | XIV/877 | 705 |
| 4. | XIV/878 | 1103 |

ഓരോ വർഷവും 5% നിരക്കിലുള്ള വർദ്ധനവ് മാത്രമേ വരുത്തുന്നുള്ളൂ. ഇതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാകുന്നുണ്ട്. കടമുറികളുടെ നിരക്ക് പുനർ നിർണ്ണയിക്കുകയോ പുനർലേലം നടത്തുകയോ ചെയ്യേണ്ടതാണ്.

ബി) *വാടക പൂർണ്ണമായും ഈടാക്കിയില്ല*

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഏഴംകുളം ഷോപ്പിംഗ് കോപ്ലക്സിലെ ഷോപ്പ് നം 1,2,3,4 എന്നീ കടകളിൽ നിന്നും 2017-18 സാമ്പത്തിക വർഷം വാടക ലഭിച്ചിട്ടില്ല എന്ന് കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക്( എൻക്വയറി നം.23തീയതി.26.11.18) ഷോപ്പ് നം.3 വാടകയ്ക്കെടുത്ത പ്രസാദ്, കല്ലൂർ തെക്കേതിൽ എന്നയാളിൽ നിന്നും കടമുറി ഒഴിപ്പിക്കാനുള്ള നടപടികൾ നടക്കുകയാണെന്നും വാടക കുടിശ്ശിക നിലവിലുള്ള നിരക്കിൽ ഈടാക്കുന്നതാണെന്നും, ഷോപ്പ് നം 2, 4 എന്നിവ നിലവിൽ പുനർലേലം നടത്തിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ഷോപ്പ് നം.1 ൽ പ്രവർത്തിക്കുന്ന സപ്ലൈകോ സൂപ്പർ മാർക്കറ്റിന്റെ വാടക കരാർ 11.05.2016-ൽ അവസാനിച്ചിട്ടുള്ളതും 11.05.16 മുതൽ കുടിശ്ശിക തുക പിഴപ്പലിശ സഹിതം ഒടുക്കു വരുത്തിയതിനു ശേഷം 15% വർദ്ധനവ് വരുത്തി എഗ്രിമെന്റ് പുതുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിട്ടുണ്ടെന്നും എന്നാൽ പിഴ പലിശ ഒഴിവാക്കി 25% വർദ്ധനവ് വരുത്തി കരാർ പുതുക്കാമെന്ന് സപ്ലൈകോ കത്ത് നൽകിയിട്ടുണ്ടെന്നും, പലിശ ഒഴിവാക്കുന്നതിന് നിയമോപദേശം തേടുകയും ഗവൺമെന്റിന്റെ അനുമതിയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

മേൽ വിഷയത്തിൽ നടപടിയുണ്ടാകുന്ന മുറയ്ക്ക് കടമുറികൾ പുനർലേലം ചെയ്ത് വാടകയിനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നില്ലെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

സി) *കരാർ ചമയ്ക്കുന്നില്ല*

ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സുകളിലെ 13 കടമുറികൾ സ്വകാര്യ വ്യക്തികൾക്ക് വാടകയ്ക്ക് നല്കുന്നവയാണ്. എല്ലാ വർഷവും വാടക 5 % നിരക്കിൽ വർദ്ധിപ്പിച്ച് നൽകുകയാണ് ചെയ്യുന്നത്. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരമുള്ള യാതൊരു നിർദ്ദേശങ്ങളും പാലിക്കാതെ മുദ്രപത്രം വാങ്ങി പേരെഴുതി സൂക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്. കരാർ പത്രത്തിൽ ഒന്നും എഴുതി ചേർക്കുന്നില്ല. ഇതുമൂലം കരാർ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിക്കുന്നില്ല. പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007 തീയതിയിലെ സർക്കുലർ (നം.എച്ച് 1-13880/06) പ്രകാരം പഞ്ചായത്ത് കരാറിൽ ഏർപ്പെടുമ്പോൾ പാലിക്കേണ്ട നടപടികളെപ്പറ്റി വിശദമാക്കുന്നുണ്ട്. ആയതുപ്രകാരം വിശദമായും ഏകീകൃത സ്വഭാവത്തിലുള്ളതുമായ കരാർ ചമയ്ക്കേണ്ടതും കരാറിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-12 രസീത് പരിശോധനയിൽ കണ്ട അപാകതകൾ

സാമ്പത്തിക വർഷം വിതരണം ചെയ്ത രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് ബുക്ക് നം. |
|---|---|
| 1. | 17535 |
| 2. | 17602 |
| 3. | 17603 |
| 4. | 17605 |
| 5. | 17607 |

| | |
|---|---|
| 6. | 17531 |
| 7. | 17529 |
| 8. | 17536 |
| 9. | 17609 |

ഉദ്യോഗസ്ഥർക്ക് രസീത് ബുക്കുകൾ നൽകുമ്പോൾ കൃത്യമായി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി നൽകേണ്ടതും തിരികെ നൽകുമ്പോൾ ഉപയോഗിക്കാത്തവ ക്യാൻസൽ ചെയ്യെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. മേൽ പറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-13 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കിൾ 56ബി പ്രകാരം, മൂന്നുവർഷം കഴിഞ്ഞിട്ടുള്ള ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടുപോകുന്നതാണ്. അതിനാൽ ഇപ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ 1992-93 മുതൽ 2014-15വർഷം വരെ പഞ്ചായത്തിൽ ലഭിച്ചതും നിലവിൽ കാലഹരണപ്പെട്ടതുമായ ഒട്ടേറെ ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടാനവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഡെപ്പോസിറ്റ് ലഭിച്ച വർഷം | ഡെപ്പോസിറ്റുകളുടെ എണ്ണം | ഡെപ്പോസിറ്റ് തുക |
|---|---|---|
| 1992-93 | 1 | 5000 |
| 1994-95 | 2 | 10000 |
| 1995-96 | 1 | 5000 |
| 1997-98 | 3 | 1210 |
| 1998-99 | 2 | 598 |
| 2000-01 | 3 | 589 |
| 2001-02 | 4 | 3225 |
| 2002-03 | 1 | 303 |
| 2004-05 | 2 | 738 |
| 2008-09 | 1 | 90 |
| 2010-11 | 3 | 603 |
| 2012-13 | 3 | 654 |
| 2014-15 | 1 | 120 |
| ആകെ | 27 | 28130 |

പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുട്ടക്കോഴി വളർത്തൽ - ടെണ്ടർ നടപടിയിലെ പിഴവ് - ഒഴിവാക്കാമായിരുന്ന അധിച്ചെലവ് 1.75 ലക്ഷം രൂപ

| | |
|---|---|
| പദ്ധതിയുടെ പേര് | മുട്ടക്കോഴി വളർത്തൽ,<br>S0 110/18 |
| അടങ്കൽ തുക | 6,26,000 (വികസനഫണ്ട്)<br>6,26,000 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് തുക | 2,67,900 - Bill No.02/17-18 /09.03.18<br>3,22,890 - Bill No.03/17-18 /14.03.18<br>3,41,000 – Cheque No. 2165262/31.03.18<br>2,85,000 - Cheque No. |

| | |
|---|---|
| | 2165263/31.03.18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |

വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അധ്യക്ഷനായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായുള്ള കമ്മിറ്റിയായിരിക്കണം പക്ഷികളുടേയും മൃഗങ്ങളുടേയും പർച്ചേസ് നടത്തേണ്ടത്. എന്നാൽ ഇതിന് വിപരീതമായി ഓപ്പൺ ടെണ്ടർ ക്ഷണിച്ചാണ് മുട്ടക്കോഴികളെ വാങ്ങിയത്. 08.11.2017-ന് നടന്ന ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്നത് ശ്രീ.റെജി തോമസ്, വൽസലഗിരി എഗ്ഗാർ നഴ്സറി, ഏനാത്ത് എന്ന വ്യക്തിയാണ് (ഒരു കോഴിക്കുഞ്ഞിന് 82.5 രൂപ). എന്നാൽ ടിയാന്റെ എഗ്ഗാർ നഴ്സറിയ്ക്ക് ലൈസൻസ് പുതുക്കി ലഭിച്ചിട്ടില്ലാത്തതിനാൽ 01.12.2017-ലെ ജനറൽ കമ്മിറ്റിയുടെ II(1) നമ്പർ തീരുമാനം അനുസരിച്ച് ടി ടെണ്ടർ നിരസിച്ചു. തൊട്ടടുത്ത കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയത് ശ്രീ.മനോജ് എം., ആറുപാറയിൽ, വണ്ടാനം (ഒരു കോഴിക്കുഞ്ഞിന് 83 രൂപ) എന്ന വ്യക്തിയാണ്. എന്നാൽ ടിയാളുടെ ടെണ്ടറും കമ്മിറ്റി നിരസിച്ചു. "ദൂരക്കൂടുതൽ ആയതിനാൽ കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന് ശേഷം അപാകത എന്തെങ്കിലും ഉണ്ടായാൽ പരിഹരിക്കുവാൻ കഴിയില്ല" എന്നകാരണം പറഞ്ഞാണ് ടി ടെണ്ടർ നിരാകരിച്ചത്. തുടർന്ന് 29.12.2017, 08.02.2018 തീയതികളിൽ റീടെണ്ടർ നടത്തിയതിന്റെ അടിസ്ഥാനത്തിൽ സിംഗിൾ ടെണ്ടറായി ലഭിച്ച ശ്രീ.റെജി തോമസ്, വൽസലഗിരി എഗ്ഗാർ നഴ്സറി, ഏനാത്ത് എന്ന വ്യക്തിയുടെ നിരക്ക് (ഒരു കോഴിക്കുഞ്ഞിന് 97 രൂപ) അംഗീകരിച്ച് 09.02.2018-ലെ VI നമ്പറായി ജനറൽ കമ്മിറ്റി തീരുമാനം എടുത്തു. (ടി കാലയളവിൽ ടിയാന്റെ എഗ്ഗാർ നഴ്സറിയ്ക്ക് ലൈസൻസ് പുതുക്കി ലഭിച്ചിരുന്നു)

ടെണ്ടർ നിബന്ധനകളിൽ കോഴിക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനുള്ള ദൂരപരിധി സംബന്ധിച്ച് യാതൊരു നിർദ്ദേശവും ഉൾപ്പെടുത്തിയിരുന്നില്ല. മാത്രമല്ല ടെണ്ടർ നിരസിക്കുന്നതിന് മറ്റൊരു കാരണവും ചൂണ്ടിക്കാണിച്ചിട്ടുമില്ല. ശ്രീ.മനോജ് എം., ആറുപാറയിൽ, വണ്ടാനം (ഒരു കോഴിക്കുഞ്ഞിന് 83 രൂപ) സമർപ്പിച്ച ടെണ്ടർ വ്യക്തമായ കാരണമില്ലാതെ നിരസിച്ച് ശ്രീ.റെജി തോമസ്, വൽസലഗിരി എഗ്ഗാർ നഴ്സറി, ഏനാത്ത് എന്ന വ്യക്തിയുടെ നിരക്ക് (ഒരു കോഴിക്കുഞ്ഞിന് 97 രൂപ) റീടെണ്ടർ നടത്തി അംഗീകരിച്ചതിനാൽ 12570 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയപ്പോൾ 1,75,980 രൂപ [(12570x97)-(12570x83)] അധികം ചെലവഴിക്കേണ്ടി വന്നു. ന്യായീകരിക്കുവാൻ കഴിയാത്ത കാരണങ്ങൾ കാണിച്ച് ടെണ്ടർ നിരസിച്ചതിനാൽ ഈയിനത്തിൽ അധികമായി ചെലവഴിക്കേണ്ടി വന്ന 1,75,980 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/30.11.18) മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കാത്ത പക്ഷം ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക നിരാകരിച്ച്, ടി തീരുമാനം കൈക്കൊണ്ട ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗങ്ങളിൽ നിന്നും ഈ വിഷയത്തിൽ കമ്മിറ്റിയ്ക്ക് ശരിയായ ഉപദേശം നൽകാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതായിരിക്കും.

## 3-2 മുട്ടക്കോഴി വളർത്തൽ പദ്ധതി - ഫലപ്രാപ്തി സംബന്ധിച്ച വിശകലനം നടത്തുന്നില്ല

മുട്ട ഉൾപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് മുട്ടക്കോഴി വളർത്തൽ പദ്ധതി ഗ്രാമപഞ്ചായത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. എന്നാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് യാതൊരുവിധ മോണിട്ടറിംഗും നാളിതുവരെ നടത്തിയിട്ടില്ല. 2012-13 മുതൽ 2017-18 വരെ കാലയളവിൽ 32,11,290 രൂപയാണ് ഇതേ പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ചത്.

| ക്രമ നം | വർഷം | പദ്ധതി നം. ഫണ്ട് ഇനം | ചെലവ് തുക |
|---|---|---|---|
| 1 | 12-13 | 32/13 വികസനഫണ്ട്(G) | 4,40,500 |
| 2 | 13-14 | 53/14 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3,71,000 |
| | | 117/14 വികസനഫണ്ട്(G) | 7,500 |
| | | 247/14 എസ്.സി.പി. ഫണ്ട് | 1,05,500 |
| 3 | 14-15 | 24/15 വികസനഫണ്ട്(G) | 3,88,000 |
| | | 244/15 എസ്.സി.പി. ഫണ്ട് | 78,000 |
| 4 | 15-16 | 33/16 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 9,62,000 |
| 5 | 16-17 | 102/17 | 57,000 |

| | | | |
|---|---|---|---|
| | | എസ്.സി.പി. ഫണ്ട് | |
| | | 178/17<br>വികസനഫണ്ട്(G) | 2,11,000 |
| 6 | 17-18 | 110/18<br>വികസനഫണ്ട്(G) | 5,90,790 |
| ആകെ | | | 32,11,290 |

തുടർച്ചയായ വർഷങ്ങളിൽ ഒരേ പദ്ധതി നടപ്പിലാക്കുമ്പോൾ അതിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിശകലനം ചെയ്യേണ്ടത് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് അത്യന്താപേക്ഷിതമാണ്. 2012-13 മുതലുള്ള എല്ലാ വാർഷിക പദ്ധതികളിലും വൻ തുക ഈ പദ്ധതിയ്ക്കായി ചെലവഴിച്ചെങ്കിലും മുട്ട ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ടോ എന്ന് സ്ഥാപനതലത്തിൽ നാളിതുവരെ യാതൊരുവിധ വിലയിരുത്തലും നടന്നിട്ടില്ല. മുട്ട ഉൽപ്പാദനത്തിലുള്ള വർദ്ധനവ് സംബന്ധിച്ച് സ്ഥിതിവിവരക്കണക്കുകൾ ഒന്നും ശേഖരിക്കാതെ വർഷാവർഷം ഭീമമായ തുക ഒരേ പദ്ധതിയ്ക്കായി നിക്ഷേപിക്കുന്നത് ഉചിതമായ നടപടിയല്ല. വരും വർഷങ്ങളിൽ ഇതേ പദ്ധതിയ്ക്കായി തുക വകയിരുത്തുകയാണെങ്കിൽ ആയതിന് മുൻപ് പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് സമഗ്രമായ വിശകലനം നടത്തേണ്ടത് അനിവാര്യമാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയു ടെ സവിശേഷശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 പട്ടികജാതി ഫണ്ട് വകയിരുത്തി ആവിഷ്കരിച്ച കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതി പനടപ്പിലാക്കിയില്ല - 15.65 ലക്ഷം രൂപ ലാപ്സാക്കി

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 238/18 പ്രകാരം പട്ടികജാതി വിഭാഗം വികസന ഫണ്ടിൽനിന്നും 15,65,060 രൂപ വകയിരുത്തി കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിരുന്നു. ഡെപ്പോസിറ്റ് പ്രവൃത്തികളുള്ള എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് തദ്ദേശഭരണസ്ഥാപനത്തിന് എഗ്രിമെന്റ് വെച്ച് തുക ഡെപ്പോസിറ്റ് ചെയ്യാവുന്നതാണ്. ഇത്തരം പ്രോജക്ടുകൾക്ക് മേലുദ്യോഗസ്ഥരുടെ അംഗീകാരം ആവശ്യമില്ല. എന്നാൽ ടി പ്രോജക്ടിൽ വകയിരുത്തിയിരുന്ന തുക വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ വീഴ്ചവരുത്തി. പട്ടികജാതി വിഭാഗത്തിൽപെടുന്ന വലിയ ഒരു ജനവിഭാഗത്തിന് ഗുണകരമായ ഒരു പദ്ധതി നടപ്പിലായില്ലെന്നു മാത്രമല്ല പദ്ധതിയ്ക്ക് വകയിരുത്തിയ 15.65 ലക്ഷം രൂപ പഞ്ചായത്തിന് നഷ്ടമാവുകയും ചെയ്തു.

പട്ടികജാതി കോളനികളിൽ തൃപ്തികരമായ രീതിയിൽ കുടിവെള്ള സൗകര്യവും അവരുടെ വീടുകളിൽ കക്കൂസ് സൗകര്യവും ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകണമെന്നും, അവ ഏറ്റെടുത്തതിനുശേഷമേ എസ്.സി.പി. ഫണ്ടുകൾ മറ്റ് പ്രോജക്ടുകൾക്ക് ഏറ്റെടുക്കാവൂ എന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ [ജി.ഒ.(എം.എസ്.)നം.72/2017/തസ്വഭവ, തീ.29.03.17, ഖ.131(13)] സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ പദ്ധതി നടപ്പിലാക്കാതെ ഫണ്ട് പാഴാക്കിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭരണസമിതിയുടെ സവിശേഷശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-4 ലോകബാങ്ക് ധനസഹായ തുക 40.13 ലക്ഷം രൂപ നഷ്ടപ്പെടുത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി.

- ഫണ്ട് ലാപ്സാക്കി
- പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം ഉപേക്ഷിച്ചു.
- സോയിൽ ടെസ്റ്റിനും ഡിസൈനിനും ചെലവഴിച്ച 135959 രൂപ പാഴായി

തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും ലോക ബാങ്ക് സഹായത്തോടെ 2011-12 – 2016-17 കാലയളവിൽ നടപ്പിലാക്കിയ പദ്ധതിയാണ് കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിന് 2016-17 സാമ്പത്തിക വർഷാന്ത്യത്തിൽ ലഭിച്ച 4012863 രൂപയും തനത് ഫണ്ട് 1342702 രൂപയും ഉൾപ്പടെ ആകെ 5355565 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് നം.165/17 പ്രകാരം പഞ്ചായത്ത് ഓഫീസിന് പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങി. ഈ പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കാതിരുന്നതിനാൽ പ്രവൃത്തിക്ക് വകയിരുത്തിയിരുന്ന ലോകബാങ്ക് വിഹിതം പഞ്ചായത്തിന് നഷ്ടമായി. കൂടാതെ സോയിൽ ടെസ്റ്റും കെട്ടിടത്തിന്റെ ഡിസൈനും തയ്യാറാക്കുന്നതിന് ചെലവഴിച്ച് 135959 രൂപയും പാഴായി.

2016-17-ലെ വാർഷിക പദ്ധതിയിൽ ലഭ്യമായിരുന്ന ലോക ബാങ്ക് ധനസഹായ തുക മൊത്തമായും ഈ പദ്ധതിയ്ക്കാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഈ പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങുന്നത് സാമ്പത്തിക വർഷത്തിന്റെ അവസാന പാതമായ 05.01.17-ൽ മാത്രമാണ്. പ്രവൃത്തിയുടെ പ്രാരംഭ ഘട്ടമെന്ന നിലയിൽ സോയിൽ ടെസ്റ്റും, ഡിസൈനും തയ്യാറാക്കുന്ന പ്രവൃത്തി രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാമ്പാടി, കോട്ടയം എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചത്. അവർ സോയിൽ ടെസ്റ്റ് നടത്തുകയും, ഡിസൈൻ തയ്യാറാക്കുകയും ചെയ്തു. 2017 ജൂൺ മാസമാണ് ഡിസൈനും എസ്റ്റിമേറ്റും ലഭിച്ചത്. എന്നാൽ അവർ തയ്യാറാക്കി നൽകിയ കെട്ടിട പ്ലാൻ പഞ്ചായത്തിന്റെ ആവശ്യങ്ങൾക്ക് ഉതകുന്നതല്ലെന്ന് കണ്ട് ഡിസൈനിൽ മാറ്റങ്ങൾ വരുത്തി ലഭിക്കുന്നതിന് സ്ഥാപനത്തിന് കത്ത് നൽകിയെങ്കിലും പഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം ഡിസൈൻ മാറ്റി നൽകുന്നതിന് അവർ തയ്യാറായില്ല. ഡിസൈനിലുള്ള അപാകത പരിഹരിച്ച് പ്രവൃത്തി ടെണ്ടർ ചെയ്ത് യുദ്ധകാല

അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഫലപ്രദമായ നടപടി ഉണ്ടായിട്ടില്ല. 2017-18 സാമ്പത്തിക വർഷാന്ത്യത്തിൽ ലോകബാങ്ക് ഫണ്ട് ലാപ്സാവുമെന്ന കാര്യം അധികൃതർക്ക് ബോദ്ധ്യമുള്ള സാഹചര്യത്തിലാണ് പദ്ധതി നിർവ്വഹണത്തിൽ കുറ്റകരമായ അവധാനത ഉണ്ടായിരിക്കുന്നതും ഫലപ്രദമായി വിനിയോഗിക്കാമായിരുന്ന ലോക ബാങ്ക് ഫണ്ട് ലാപ്സാക്കിയിരിക്കുന്നതും.

അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കാരണം വീർപ്പ് മുട്ടുന്ന ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ നവീകരണത്തിന് ഉതകുമായിരുന്ന ഫണ്ട് നഷ്ടപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈ വിഷയം തുടർനടപടികൾക്കായി ഭരണവകുപ്പിന്റെ (എൽ.എസ്.ജി.ഡി) ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 പഞ്ചായത്തിന്റെ അലംഭാവം - കുടിവെള്ള പദ്ധതി നിർജ്ജീവം

പട്ടികജാതി വിഭാഗം ഫണ്ടിൽനിന്നും ചുവടെ ചേർക്കും പ്രകാരം 1806000 രൂപ ചെലവഴിച്ച് പഞ്ചായത്തിലെ 9-ാം വാർഡിൽ സ്ഥാപിച്ച തടവിളപ്പടി കോളനി കുടിവെള്ള പദ്ധതി പ്രവർത്തന രഹിതമാണ്.

| വർഷം | പ്രോജക്ട് നം. | ചെലവഴിച്ച തുക |
|---|---|---|
| 2011-12 | S0088/12 | 1320000 |
| 2014-15 | S0141/15 | 486000 |
| ആകെ | | 1806000 |

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം പണിപൂർത്തിയാക്കിയ കുടിവെള്ള പദ്ധതികൾ ഗുണഭോക്താക്കളുടെ ഗ്രൂപ്പ് രൂപീകരിച്ച് പദ്ധതിയുടെ തുടർനടത്തിപ്പും, അറ്റകുറ്റപ്പണികളും ഏൽപ്പിച്ചു നൽകേണ്ടതായിരുന്നു. എന്നാൽ ഈ പദ്ധതിയുടെ കാര്യത്തിൽ ഇപ്രകാരം ചെയ്തിട്ടില്ല. പണി പൂർത്തിയാക്കിയ പദ്ധതി ഔദ്യോഗികമായി ഉദ്ഘാടനം നടത്തുന്നതിനുപോലും പഞ്ചായത്ത് അധികൃതർ നടപടി സ്വീകരിച്ചില്ലെന്ന് 9-ാം വാർഡ് മെമ്പർ ഓഡിറ്റിനെ അറിയിച്ചു. പണി പൂർത്തിയാക്കിയ പദ്ധതി പ്രവർത്തനം ആരംഭിച്ചപ്പോൾതന്നെ പല ഭാഗങ്ങളിലായി പൈപ്പുകൾ പൊട്ടി വെള്ളം പാഴാകുന്ന സ്ഥിതിയായിരുന്നെന്നും ഇക്കാരണത്താൽ ചുരുങ്ങിയ കാലയളവിനുള്ളിൽതന്നെ പദ്ധതിയുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവന്നെന്നുമാണ് ബന്ധപ്പെട്ട വാർഡ് മെമ്പർ ഓഡിറ്റിനെ അറിയിച്ചത്. ഗുണനിലവാരം കുറഞ്ഞ പൈപ്പുകളാണ് നിർമ്മാണത്തിന് ഉപയോഗിച്ചതെന്ന് വാർഡ് മെമ്പർ ആരോപിക്കുന്നു. പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടപ്രകാരം പുതിയ നിർമ്മാണങ്ങളുടെ സംരക്ഷണ കാലയളവ് 2 വർഷമാണ്. ഈ കാലയളവിനുള്ളിൽ പ്രവൃത്തിക്ക് സംഭവിക്കുന്ന കേടുപാടുകൾ പരിഹരിക്കുന്നതിന് പ്രവൃത്തി നടത്തിയ കരാറുകാരന് ഉത്തരവാദിത്തമുണ്ട്. എന്നാൽ ബന്ധപ്പെട്ട കരാറുകാരനെകൊണ്ട് അറ്റകുറ്റപ്പണികൾ നടത്തി പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനോ, ടിയാൻ പഞ്ചായത്തിൽ കെട്ടിവെച്ചിട്ടുള്ള ജാമ്യ നിക്ഷേപ തുകയിൽനിന്നും പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതിനോ അധികൃതർ നടപടി സ്വീകരിച്ചില്ല.

പട്ടികജാതി വിഭാഗം ഫണ്ടിൽനിന്നും ഗണ്യമായ തുക ചെലവഴിച്ച് സ്ഥാപിച്ച ഈ കുടിവെള്ള പദ്ധതി നിലവിൽ അനാഥമായി കിടക്കുകയാണ്. പൊതുപണം ചെലവഴിച്ച് ആർജ്ജിക്കുന്ന ഒരു ആസ്തി പ്രവർത്തനക്ഷമമാക്കി സംരക്ഷിക്കാതിരിക്കുന്നത് ആ ആസ്തി സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുകയുടെ ദുർവിനിയോഗത്തിന് തുല്യമാണ്. ഈ വിഷയത്തിൽ ഭരണ വകുപ്പ് തലത്തിൽ വിശദമായ അന്വേഷണം നടത്തി പദ്ധതിയുടെ നിലവിലെ അവസ്ഥയ്ക്ക് കാരണക്കാരായവർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും, പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-6 പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾക്കായി മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി തുക കൈമാറായിട്ടുണ്ട്. എന്നാൽ മുൻകൂറായി നൽകിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | നൽകിയ തുക | ലഭിച്ച മരുന്ന് (രൂപയിൽ) | ബാലൻസ് |
|---|---|---|---|---|
| 1 | 60 വയസ്സിന് താഴെയുള്ളവർക്ക് മാരകരോഗങ്ങൾക്ക് മരുന്ന്, SO 086/18 | 9,75,000 | 8,43,437 | 1,31,563 |
| 2 | വയോജനങ്ങൾക്ക് തുടർചികിത്സാ മരുന്ന്, SO 089/18 | 9,75,000 | 8,08,862 | 1,66,138 |
| 3 | പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ SO 065/18 | 2,50,000 | 2,34,514 | 15,486 |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-7 ഭരണസമിതിയുടെ അംഗീകാരമില്ലാതെ വാങ്ങൽ നടത്തി - ക്രമവിരുദ്ധം

ജി.ഒ.(പി)259/2010/തസ്വഭവ, തീ. 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമായിരിക്കണം പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചുള്ള വാങ്ങലുകൾ നടത്തേണ്ടത്. എന്നാൽ പ്രസ്തുത മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടല്ല ഓഡിറ്റ് വർഷം പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഏഴംകുളം പ്രാഥമിക ആരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ വാങ്ങലുകൾ നടത്തിയിട്ടുള്ളത്. വിവിധ വാങ്ങലുകളുടെ ഭാഗമായി ലഭിച്ച ക്വട്ടേഷനുകൾ ഒന്നും തന്നെ പ്രോക്യൂർമെന്റ് കമ്മിറ്റി അംഗങ്ങളുടെയും, സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങളുടെയും സാന്നിദ്ധ്യത്തിലല്ല തുറന്നിട്ടുള്ളത്. ലഭിച്ച ടെണ്ടറുകൾ ഒന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കുകയോ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. മാത്രമല്ല ഇവയ്ക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരവും വാങ്ങിയിട്ടില്ല. വ്യവസ്ഥകൾ പാലിക്കാതെ നടത്തിയിട്ടുള്ള വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ബിൽ നം/തീയതി |
|---|---|---|---|
| 1 | ഗർഭിണികൾക്കുള്ള ക്ലിനിക്ക് (Fetal doppler വാങ്ങൽ), SO 082/18 | 36,960 | 14/17-18 /19.01.18 |
| 2 | പ്രതിരോധ കുത്തിവെയ്പ്പിന് വേണ്ടിയുള്ള വാഹന വാടക, SO 078/18 | 40,000 | 4367/26.03.18 – 3200<br>4098/02.03.18 – 6400<br>2344/10.01.18 – 6400<br>2521/28.11.17 – 7200<br>3103/26.08.17 - 16000 |

ജനപ്രതിനിധികളുടെയും, നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഫലപ്രദമായ ഏകോപനത്തിലൂടെയും, ജനകീയ മോണിറ്ററിംഗിന് കൂടുതൽ സാധ്യതകൾ തുറന്നു നൽകി വ്യക്തിഗതവും, കേന്ദ്രീകൃതവുമായ രീതി ഒഴിവാക്കുന്നതിലൂടെയും മാത്രമേ വാങ്ങലുകളിൽ മിതവ്യയം, കാര്യക്ഷമത, സുതാര്യത, എന്നിവ ഉറപ്പാക്കാനാവൂ. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം .44/17-18/03.12.18) നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-8 ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്താതെ ആനുകൂല്യം നൽകി

| | |
|---|---|
| പദ്ധതിയുടെ പേര് | SC കുട്ടികൾക്ക് മേശയും കസേരയും വാങ്ങി നൽകൽ, S0 022/18 (Spill Over) |
| അടങ്കൽ തുക | 1,08,000 (വികസനഫണ്ട്)<br>2,73,200 (SCP) |
| ചെലവ് തുക | 1,97,200 - Bill No.08/17-18 /29.08.17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പദ്ധതിയുടെ ഭാഗമായി 29 വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ആനുകൂല്യം നൽകുന്നതിനായി സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകിയ ലിസ്റ്റ്, പട്ടികജാതി വികസന വകുപ്പിൽ നിന്ന് മുൻപ് സമാനമായ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ ഭാഗമായി ആനുകൂല്യം കൈപ്പറ്റിയവർ അർഹതപ്പെട്ടവരാണോ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ലാത്തതിനാൽ ചെലവ് തുക 1,97,200 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 വിവാഹ ധനസഹായം-അർഹത ഉറപ്പുവരുത്തിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | വിവാഹ ധനസഹായം, S0 123/18 |
| അടങ്കൽ തുക | 6,75,000 (SCP) |
| ചെലവ് തുക | 75,000 - Bill No.12/17-18 |

| | |
|---|---|
| | /24.11.17<br>75,000 - Bill No.13/17-18 /24.11.17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വിവാഹധനസഹായം നൽകിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | നിർവ്വഹണത്തിലെ അപാകത |
|---|---|---|
| 1 | ഉഷ എൻ.<br>മൂലത്തുണ്ടിൽ ഹൗസ്<br>അറുകാലിക്കൽ ഈസ്റ്റ് | വരുമാന പരിധി 2 ലക്ഷം രൂപയ്ക്ക് വിധേയമായി BPL ലിസ്റ്റിൽ ഉൾപ്പെട്ടതോ അല്ലാത്തതോ ആയ വനിതകൾക്കാണ് ധനസഹായത്തിന് അർഹതയുള്ളത്. എന്നാൽ വരുമാന പരിധി പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ പട്ടികജാതി വികസന വകുപ്പിൽ നിന്ന് വിവാഹ ധനസഹായം ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടല്ല ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. |
| 2 | തുളസി എൽ.<br>കല്ലേത്തുകിഴക്കേതിൽ<br>അറുകാലിക്കൽ ഈസ്റ്റ് | പട്ടികജാതി വികസന വകുപ്പിൽ നിന്ന് വിവാഹ ധനസഹായം ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടല്ല ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. |

അപാകതകളുടെ വെളിച്ചത്തിൽ ചെലവ് തുക 1,50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം തീർപ്പാക്കുന്നതാണ്.

## 3-10 ഫീസിബിലിറ്റി സർട്ടിഫിക്കേറ്റ് ഇല്ലാതെ പ്രത്യേക ഘടകപദ്ധതി ഫണ്ട് ചെലവഴിച്ചു

വാർഷിക പദ്ധതിയുടെ ഭാഗമായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ കാപ്പിൽ കോളനി - പള്ളിവടക്കേതിൽപ്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി പട്ടികജാതി വികസന ഓഫീസറിൽനിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ എസ്.സി.പി. ഫണ്ടിൽനിന്നും വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് (1,00,000 – Bill No. 17/17-18/24.03.18). പട്ടികജാതി വികസന ഫണ്ട് വകയിരുത്തി നടപ്പിലാക്കുന്ന പൊതു സൗകര്യ പ്രോജക്ടുകളുടെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികജാതിക്കാരായിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും, സാമൂഹ്യ ഭൂപടവും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള പട്ടിക ജാതി വികസന ഓഫീസർ സ്ഥല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. സ.ഉ.(എം.എസ്)നം.72/2017/തസ്വഭവ തീയതി:29.03.17, ഖ.13-1(6) പ്രകാരമുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ പട്ടികജാതി വികസന ഫണ്ട് ചെലവഴിച്ചത് ക്രമപ്രകാരമല്ല. മാത്രമല്ല തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് മുൻപായി വാച്ചർ അതോറിറ്റിയുമായി മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെച്ചിട്ടുള്ളതായും ഫയലിൽ കാണുന്നില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മുകളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവ് തുക 1,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-11 ഓലിക്കുളങ്ങര സാംസ്കാരിക നിലയത്തിന് പുസ്തകവും റാക്കും വാങ്ങൽ

| | |
|---|---|
| പദ്ധതിയുടെ പേര് | ഓലിക്കുളങ്ങര സാംസ്കാരിക നിലയത്തിന് പുസ്തകവും റാക്കും വാങ്ങൽ, S0 215/18 |
| അടങ്കൽ തുക | 2,00,000 (SCP) |
| ചെലവ് തുക | 1,00,000 - Bill No.16/17-18 /24.03.18 |

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയുടെ ഭാഗമായി കേരള ബുക്ക് മാർക്കിൽ നിന്ന് 1,00,000 രൂപയുടെ പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ഓലിക്കുളങ്ങര സാംസ്കാരിക നിലയം മീറ്റിംഗുകൾ കൂടുന്നതിനുള്ള ഒരു ഹാളായിട്ടാണ് നിർമ്മിച്ചിട്ടുള്ളത്. ഇതിൽ ലൈബ്രറിക്കുള്ള അടിസ്ഥാന സൗകര്യം നിലവിൽ ഒരുക്കിയിട്ടില്ല.
2. സാംസ്കാരിക നിലയത്തിന് മേൽനോട്ടസമിതി രൂപീകരിച്ചിട്ടില്ല. ഗ്രാമപ്പഞ്ചായത്തിന്റെയോ കേരള ലൈബ്രറി കൗൺസിലിന്റെയോ നിയന്ത്രണത്തിലുള്ള ലൈബ്രറി ഇവിടെ തുടങ്ങിയിട്ടില്ല. ലൈബ്രേറിയനെയും നിയമിച്ചിട്ടില്ല.
3. കേരള ബുക്ക് മാർക്കിൽ നിന്ന് വാങ്ങിയ പുസ്തകങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സ്ഥാപനത്തിന് കൈമാറിയിട്ടില്ല. ഇവ ഇപ്പോൾ പഞ്ചായത്ത് ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.
4. 2018-19 സാമ്പത്തിക വർഷം തുടർപദ്ധതിയായി സാംസ്കാരിക നിലയത്തിന് 34 റാക്കുകൾ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഇത്രയും റാക്കുകൾ സജ്ജീകരിക്കുന്നതിനുള്ള സ്ഥലസൗകര്യമോ ഇത്രയും റാക്കുകളുടെ ആവശ്യമോ നിലവിൽ സാംസ്കാരിക നിലയത്തിലില്ല.

ലൈബ്രറി രൂപീകരിക്കുകയോ ലൈബ്രറിയ്ക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയോ ചെയ്യാതെ പുസ്തകവും റാക്കുകളും വാങ്ങിയിട്ടുള്ളത് പട്ടികജാതി ഫണ്ടിന്റെ ദുർവിനിയോഗമാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 1,00,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് തടസ്സം തീർപ്പാക്കുന്നതാണ്.

## 3-12 ആശ്രയ രണ്ടാം ഘട്ട പദ്ധതി അവലോകനം

സമൂഹത്തിലെ നിരാലംബരും, നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. 2013-16 കാലഘട്ടത്തിലാണ് രണ്ടാം ഘട്ട ആശ്രയ പദ്ധതി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയത്. രണ്ടാം ഘട്ട പദ്ധതിയുടെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| ഏജൻസി | വകയിരുത്തിയ തുക | ലഭ്യമായ തുക | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 88,91,500 | 8,04,400 | – | 8,04,400 |
| ചലഞ്ച് ഫണ്ട് | 13,05,627 | 13,05,627 | 9,54,000 | 3,51,627 |
| ആകെ | 1,01,97,127 | 21,10,027 | 9,54,000 | 11,56,027 |

രണ്ടാം ഘട്ട പദ്ധതിയ്ക്കായി ആകെ വകയിരുത്തിയ 1,01,97,127 രൂപയിൽ 9,54,000 രൂപ മാത്രമാണ് ചെലവഴിച്ചത്. ഗ്രാമപഞ്ചായത്ത് വിഹിതമായി 8,04,400 ഒരു രൂപ ലഭിച്ചെങ്കിലും തുക ഒന്നും തന്നെ ചെലവഴിച്ചില്ല.

ഘടകങ്ങളുടെ അടിസ്ഥാനത്തിലുള്ള ധനകാര്യ വിശകലനം

| ക്രമ നം | ഇനം | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | ഭക്ഷണം | 90 | 9,54,000 | 9,54,000 |
| 2 | ചികിത്സ | 82 | 4,86,000 | -- |
| 3 | ഭൂമി വാങ്ങൽ | 12 | 15,00,000 | -- |
| 4 | വീട് നിർമ്മാണം | 31 | 62,00,000 | -- |

ചെലവഴിച്ച തുക പൂർണ്ണമായും ഭക്ഷണവിതരണത്തിനാണ് ഉപയോഗിച്ചിട്ടുള്ളത്. ഭക്ഷണം, ചികിത്സ, വസ്തു വാങ്ങൽ, ഭവന നിർമ്മാണം തുടങ്ങിയ പരിചരണ സേവനങ്ങൾ ഉൾപ്പെടുത്തിയാണ് കർമ്മ പദ്ധതി തയ്യാറാക്കിയതെങ്കിലും പദ്ധതിയുടെ അവസാന വർഷമായ 2016-17-ലും ഭക്ഷണ വിതരണം ഒഴികെ മറ്റ് സേവനങ്ങൾ ഒന്നുംതന്നെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയ്ക്കായി ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ലഭിച്ച തുകകളിൽ പലിശ ഉൾപ്പെടെ 18,65,313 രൂപ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. അഗതി കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിവർത്തിക്കുക എന്നതിലുപരിയായി അവരുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥ ഇല്ലാതാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക എന്നതാണ് ആശ്രയ പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ ആശ്രയപദ്ധതി നടത്തിപ്പ് ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്ന രീതിയിലല്ല. ഈ വിഷയത്തിൽ സി.ഡി.എസ്-ന്റെയും, പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധക്ഷണിക്കുന്നു. ആശ്രയപദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

അഗതിരഹിതകേരളം - ആക്ഷൻ പ്ലാന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയില്ല

"ആശ്രയ " പദ്ധതിയുടെ തുടർച്ചയായി, സംസ്ഥാനസർക്കാരിന്റെ നവകേരളമിഷന് കീഴിലുള്ള 'അഗതിരഹിതകേരളം' എന്ന പദ്ധതിക്കായി ആക്ഷൻ പ്ലാൻ തയ്യാറാക്കിയെങ്കിലും ഇതിന് തദ്ദേശസ്വയംഭരണ സ്ഥാപനം പ്രത്യേക കമ്മിറ്റി ചേർന്ന് അംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. 1,88,44,600 രൂപ വകയിരുത്തിയ അഗതിരഹിത കേരളം പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പ്രത്യേക കമ്മിറ്റി ചേർന്ന് ആക്ഷൻ പ്ലാനിന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 3-13 ലൈഫ് മിഷനുവേണ്ടി സംഭാവനകൾ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ എം.എസ്.151/2017/തസ്വഭവ തീയതി 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ,സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി

ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്.ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ള തൊഴിലാളികൾ,ഉദ്യോഗസ്ഥർ,കച്ചവടക്കാർ,സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെവേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്.അതുപോലെ സി.എസ്.ആർ ഫണ്ട്,വിവിധ തരത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കൽ,വിവിധ തരത്തിലുള്ള സ്പോൺസർഷിപ്പുകൾ,എം.പി/എം.എൽ.എ വികസന ഫണ്ടുകൾ,നിയമാനുസൃതമായ മറ്റ് രീതികൾ എന്നിങ്ങനെയും ഫണ്ട് ശേഖരിക്കാം.എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെയെങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ ,സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്.

എന്നാൽ സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകിരിച്ചിട്ടില്ല. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിച്ച് ജനപങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള അവസരം ബന്ധപ്പെട്ടവർ പ്രയോജനപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടെ ഭാഗത്തുനിന്നും ക്രീയാത്മക നടപടികൾ പ്രതീക്ഷിക്കുന്നു.

## 3-14 ശുചിത്വ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നില്ല

ഖരമാലിന്യ പരിപാലനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. എന്നാൽ ഈ ചുമതല നിർവ്വഹിക്കുന്നതിൽ പഞ്ചായത്ത് തികഞ്ഞ പരാജയമാണ്. 2016-17, 2017-18 വർഷങ്ങളിൽ ഖരമാലിന്യ പരിപാലനത്തിനായി ഒരു പ്രോജക്ടുപോലും ആവിഷ്കരിച്ചിട്ടില്ല.

ഒരോ പ്രദേശത്തേയും മാലിന്യ പ്രശ്നത്തിന് സാശ്വത പരിഹാരം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ജൈവമാലിന്യം ഉറവിടത്തിൽതന്നെ പരിപാലിക്കുന്നതിനും, പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഹരിത കേരള മിഷനുമായി സംയോജിപ്പിച്ച് കർമ്മ പരിപാടികൾ തയ്യാറാക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ പഞ്ചായത്തുകളോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്ന കാര്യത്തിൽ തികഞ്ഞ ഉദാസീനതയാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

പഞ്ചായത്ത് പരിധിയിലുള്ള ഏനാത്ത് മാർക്കറ്റിലും പരിസര പ്രദേശങ്ങളിലും രൂക്ഷമായ മലിനീകരണ പ്രശ്നങ്ങളാണ് നിലനിൽക്കുന്നത്. ഏനാത്ത് മാർക്കറ്റ് ശുചീകരിക്കുന്നതിന് ദിവസ വേതനത്തിൽ രണ്ട് ജോലിക്കാരെ നിയോഗിച്ചിട്ടുള്ളതൊഴിച്ചാൽ ശുചിത്വ മേഖലയിൽ ഗ്രാമപഞ്ചായത്തിന് മറ്റ് ചെലവുകളില്ല. ഏനാത്ത് മാർക്കറ്റിൽ മുമ്പ് ലക്ഷങ്ങൾ ചെലവഴിച്ച് ഒരു ബയോഗ്യാസ് പ്ലാന്റും, ജൈവോർജ്ജം ഉപയോഗിച്ച് കത്തുന്ന തെരുവ് വിളക്കുകളും സ്ഥാപിച്ചെങ്കിലും അവ വർഷങ്ങളായി പ്രവർത്തന രഹിതമായി കിടക്കുകയാണ്. ഇവ പ്രവർത്തന ക്ഷമമാക്കി സംരക്ഷിക്കുന്നതിൽ കുറ്റകരമായ അനാസ്ഥയാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് നാലു വികസന മിഷനുകൾ ഉൾപ്പെടുന്ന നവകേരള കർമ്മ പദ്ധതിയ്ക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ഇതിൽ ശുചിത്വ മാലിന്യ സംസ്കരണം, ജലവിഭവ സംരക്ഷണം, സുസ്ഥിര കൃഷി വികസനം എന്നിവ ഹരിത കേരളം മിഷന്റെ മൂന്ന് ഉപമിഷനുകളാണ്. ഇതിൽ ശുചിത്വ മാലിന്യ സംസ്കരണം തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് [സ.ഉ.(സാധ.)2420/2017/തസ്വഭവ, തീ. 15.07.17]. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ഹരിത കേരള മിഷനും, കർമ്മ സമിതിയും എല്ലാ വാർഡ് മെമ്പർമാരും, യോഗം ചേർന്ന് മാലിന്യ സംസ്കരണത്തിനുള്ള രൂപരേഖ ചർച്ച ചെയ്യണമെന്നും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് അവർ തെരഞ്ഞെടുക്കുന്ന ഹരിതകർമ്മ സേന മുഖേനയായിരിക്കണമെന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏഴംകുളം ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് തല കൺസോർഷ്യം രൂപീകരിച്ചിട്ടില്ല. ഹരിത കർമ്മ സേനയുടെ തുടർ പ്രവർത്തനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ നാളിതുവരെ സൃഷ്ടിക്കാനായിട്ടില്ല. ഹരിത കർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള മെറ്റീരിയത്സ് കളക്ഷൻ സെന്ററുകൾ (MCF) സ്ഥാപിക്കുന്നതിനുള്ള നടപടി എങ്ങും എത്തിയിട്ടില്ല. MCF സ്ഥാപിച്ചുകഴിഞ്ഞാൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം ആരംഭിക്കുമെന്നും ഇതിനായി 2018-19 വർഷം 280720 രൂപ വകയിരുത്തിയിട്ടുണ്ടെന്നുമാണ് അധികൃതർ പറയുന്നത്. എന്നാൽ ഇത് എപ്പോൾ സാധ്യമാകുമെന്ന കാര്യത്തിൽ അധികൃതർക്ക് നിശ്ചയമില്ല.

ശുചിത്വ- മാലിന്യ സംസ്കരണവുമായി ബന്ധപ്പട്ട സൗകര്യങ്ങൾ ഉറപ്പാക്കുക, ഹരിത കർമ്മ സേന രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുക, സാങ്കേതിക സഹായം ലഭ്യമാക്കുക, നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂലധന നിക്ഷേപം നടത്തുക, പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, കർശനമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിലാക്കുക, നിയമ ലംഘകർക്കെതിരെ നടപടികൾ സ്വീകരിക്കുക എന്നിവ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണെന്ന ബോദ്ധ്യം അധികൃതർക്ക് ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ ഹരിത കേരള മിഷന്റെ ഉദ്ദേശ്യ ലക്ഷങ്ങളെ തകിടം മറിക്കുന്നതായിരിക്കുമെന്ന കാര്യം അധികൃതരെ ഓർമ്മപ്പെടുത്തുന്നു.

## 3-15 മരാമത്ത് മേഖലയിൽ ആവിഷ്കരിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന ഏകവർഷ പ്രോജക്ടുകൾ അതത് വർഷം മാർച്ച് 31-നകം പൂർത്തിയാക്കി ഫണ്ട് ചെലവഴിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ 2017-18 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 92 മരാമത്ത് പ്രവൃത്തികളിൽ 44 എണ്ണം മാത്രമാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളുടെ എണ്ണം | | | അകെ അടങ്കൽ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | | | ചെലവ് | പൂർത്തിയാക്കിയ പ്രോജക്ടുകളുടെ ശതമാനം | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| പുതിയത് | സ്പിൽ | ആകെ | | പുതിയത് | സ്പിൽ | ആകെ | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ഓവർ | | | | ഓവർ | | | | |
| 71 | 21 | 92 | 37733211 | 26 | 18 | 44 | 10706278 | 47.83 | 28.37 |

പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്താത്തതിനാൽ ആവിഷ്കരിക്കുന്ന പ്രോജക്ടുകളിൽ ഭൂരിഭാഗം പ്രവൃത്തികളും നിർവ്വഹിക്കാൻ കഴിയാതെ വരുന്ന ദുസ്ഥിതിയാണ് പഞ്ചായത്തിൽ നിലവിലുള്ളത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾക്കിടയിലുള്ള അഭിപ്രായ വ്യത്യാസങ്ങളും, അതുമൂലം ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ പട്ടിക എഞ്ചിനീയറിംഗ് വിഭാഗത്തിന് യഥാസമയം ലഭിക്കാതിരിക്കുന്നതും പദ്ധതി നിർവ്വഹണത്തിന് വിഘാതമാകുന്നതായി എഞ്ചിനീയറിംഗ് വിഭാഗം പറയുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പദ്ധതികൾ നടപ്പിലാക്കാൻ പാടില്ലെന്ന സർക്കാർ നിർദ്ദേശം നിലനിൽക്കേയാണ് പദ്ധതി നിർവ്വഹണത്തിന് വിഘാതമാകുന്ന ഇത്തരം നടപടികൾ പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെടുത്തുന്നു.

ഏറ്റെടുക്കുന്ന പ്രോജക്ടുകൾ യഥാസമയം നടപ്പിലാക്കാതിരിക്കുന്നത് പ്രോജക്ട് തയ്യാറാക്കിയതിലൂടെ പഞ്ചായത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിനോടൊപ്പം തൻവർഷം ചെലവഴിക്കേണ്ട വൻ തുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും കാരണമാകുന്നു. പ്രവൃത്തികളുടെ ബാഹുല്യം കാരണവും എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ എണ്ണം പരിമിതമായത് കാരണവും നിർവ്വഹിക്കുന്ന പ്രോജക്ടുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നില്ല. സാമ്പത്തിക വർഷാന്ത്യത്തിൽ നിർവ്വഹണ ചുമതലയുണ്ടായിരുന്ന എഞ്ചിനീയർ ലീവിൽ പ്രവേശിച്ചതിനാൽ പഞ്ചായത്തിലെ പദ്ധതി നിർവ്വഹണം നടത്തിയത് നിലവിലുണ്ടായിരുന്ന ഓവർസീയർമാരിൽ ഒരാളായിരുന്നു.

ഓഡിറ്റ് വർഷം ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ 30 പ്രവൃത്തികളുടെ എഗ്രിമെന്റ് മാർച്ച് അവസാന വാരത്തിലാണ് വച്ചിട്ടുള്ളത്. പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിലുണ്ടായിട്ടുള്ള കാലതാമസം കാരണം ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ലഭ്യമായ 7.8 ലക്ഷം രൂപയ്ക്ക് പ്രോജക്ട് ആവിഷ്കരിക്കുന്നതിനും ഫണ്ട് ചെലവഴിക്കുന്നതിനും സാധിച്ചിട്ടില്ല.

## 3-16 ഒ.ഡി.എഫ്. - തിരികെ ലഭിച്ച 41.76 ലക്ഷം രൂപ തനത് ഫണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നു

വെളിയിട വിസർജ്ജന വിമുക്ത പദ്ധതിയ്ക്കായി (ODF) പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച 4176000 രൂപ ചുവടെ ചേർക്കും പ്രകാരം ശുചിത്വ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ട്.

| ക്രമ നം. | ഡി.ഡി.നം., തീ. | തുക |
|---|---|---|
| 1 | 008907/22.12.16 | 1693368 |
| 2 | 9188/16.03.17 | 1401121 |
| 3 | Tansfer credit to PDCB | 1081511 |
| | ആകെ | 4176000 |

മേൽ പറഞ്ഞ പ്രകാരം ലഭിച്ച തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ഓ.ഡി.എഫ്. റീഇംപേഴ്സ് ചെയ്ത തുക ചെലവഴിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 28.12.16-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ ഓർഡിനേഷൻ കമ്മിറ്റി പുറപ്പെടുവിച്ചിരുന്നു (തീ.നം. 2.6). ആയത് പ്രകാരം ഏത് വിഭാഗം ഫണ്ടാണോ ഓ.ഡി.എഫിന് വകയിരുത്തിയത്, ആ വിഭാഗം ഫണ്ടായി കണക്കാക്കി തുക ചെലവഴിക്കണം. ഏത് പദ്ധതിയ്ക്ക് വകയിരുത്തിയ പണമാണോ ഓ.ഡി.എഫിന് നൽകിയത്, റീഇംപേഴ്സ് ചെയ്ത് കിട്ടിയ തുക അതേ പദ്ധതിയ്ക്ക് തന്നെ ചെലവഴിക്കണം. എന്നാൽ അത്തരം പദ്ധതികൾ ആവശ്യമില്ലെങ്കിൽ അനിവാര്യ പദ്ധതികൾ എടുത്തതിന് ശേഷം ശുചിത്വ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം റീഇംപേഴ്സ് ചെയ്ത് കിട്ടിയ തുകയും ഈ തുക ഉപയോഗിച്ച് എടുത്ത പ്രോജക്ടുകളും അതിന്റെ ചെലവും സംബന്ധിച്ച വിശദവിവരങ്ങൾ പ്രത്യേകമായി സൂക്ഷിക്കണം. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് അവഗണിച്ചു. 2017-18, 2018-19 വാർഷിക പദ്ധതിയിൽ പ്രസ്തുത തുക വകയിരുത്തി പ്രോജക്ടുകളൊന്നും ആവിഷ്കരിക്കപ്പെട്ടിട്ടില്ല. ലഭിച്ച തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നു. സർക്കാർ നിർദ്ദേശാനുസരണം ഫണ്ട് ചെലവഴിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 വൈദ്യുതി കണക്ഷൻ ത്രീഫേസ് ആക്കണമെന്ന കെ.എസ്.ഇ.ബി. നോട്ടീസ് പഞ്ചായത്ത് അവഗണിച്ചു; പീനൽ ചാർജ്ജ് ഇനത്തിൽ നഷ്ടമായത് ലക്ഷങ്ങൾ

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ കണക്ടഡ് ലോഡിൽ അധികമായി വൈദ്യുത ഉപയോഗിക്കുന്നതിനാൽ അധിക ഉപഭോഗത്തിന് വൈദ്യുത ബോർഡ് പീനൽ ചാർജ്ജ് ഈടാക്കുന്നു. ഓഡിറ്റ് വർഷം പീനൽ ചാർജ്ജ് ഇനത്തിൽ കെ.എസ്.ഇ.ബി. ഈടാക്കിയത് 53011 രൂപയാണ്. 30.10.2013 മുതൽ കെ.എസ്.ഇ.ബി. ഇപ്രകാരം പീനൽ ചാർജ്ജ് ഈടാക്കിവരുന്നു. ഓഡിറ്റിൽ ലഭ്യമായ രേഖ പ്രകാരം ഈ ഇനത്തിൽ നാളിതുവരെയുള്ള സഞ്ചിത നഷ്ടം 1,60,164 രൂപയാണ്.

| മാസം | പീനൽ ചാർജ്ജ് നൽകിയത് |
|---|---|
| 4/17 | 8107 |
| 6/17 | 9271 |
| 8/17 | 8692 |
| 10/17 | 7280 |
| 12/17 | 9420 |
| 2/18 | 10241 |

| ആകെ | 53011 |
|---|---|

ഗ്രാമപഞ്ചായത്തിന്റെ വയറിംഗ് പരിഷ്കരിച്ച് കണക്ഷൻ ത്രീഫേസാക്കുന്നതിന് യഥാസമയം നടപടി സ്വീകരിക്കാതിരുന്നത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുള്ള അക്ഷന്തവ്യമായ കൃത്യവിലോപമായി ഓഡിറ്റ് നിരീക്ഷിക്കുന്നു. കാലാകാലങ്ങളായി കറണ്ട് ബില്ലിൽ പിഴനൽ ചാർജ്ജ് ഇനത്തിൽ വൻതുക കെ.എസ്.ഇ.ബി. പിഴ ചുമത്തിയിട്ടും ബന്ധപ്പെട്ടവർ ആയത് ശ്രദ്ധിച്ചിരുന്നില്ല. ഓഡിറ്റിൽ അപാകത ചൂണ്ടികാണിച്ചതിനുശേഷമാണ് ഈ വിഷയത്തിൽ അധികൃതരുടെ ശ്രദ്ധ പതിഞ്ഞതെന്നത് ഇക്കാര്യങ്ങളിലുള്ള അധികൃതരുടെ അലംഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

2016-17 സാമ്പത്തിക വർഷം പഞ്ചായത്ത് ഓഫീസ് 3 ഫേസ് ആക്കുന്നതിന് 260000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി വർഷം ഒന്ന് പിന്നിട്ടിട്ടും കെ.എസ്.ഇ.ബി-യിൽ അപേക്ഷ നൽകി കണക്ടഡ് ലോഡ് ക്രമീകരിക്കുന്നതിന് അധികൃതർ നടപടി സ്വീകരിച്ചിട്ടില്ല. ഇക്കാരണത്താൽ ഇപ്പോഴും കെ.എസ്.ഇ.ബി. വൈദ്യുതി ബില്ലിന്മേൽ പിഴനൽ ചാർജ്ജ് ഈടാക്കിവരുന്നു. കെ.എസ്.ഇ.ബി-ൽ അപേക്ഷ നൽകി കണക്ടഡ് ലോഡ് ക്രമീകരിച്ച് പിഴനൽ ചാർജ്ജ് ഒടുക്കുന്നത് ഒഴിവാക്കുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ തുടർന്നും വീഴ്ച വരുത്തുന്ന പക്ഷം പിഴനൽ ചാർജ്ജ് ഇനത്തിൽ തുടർന്ന് ഒടുക്കുന്ന തുകകൾ ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കി നിയമനടപടികൾക്ക് (ലോ.ഫ.ഓ.നിയമം) ശുപാർശ ചെയ്യുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-18 പൊതു ടാപ്പുകളുടെ വെള്ളക്കരം; പാഴ്ചെലവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. ജല അതോറിട്ടിയുടെ സഹായത്തോടെ സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് 30.05.2009-ലെ സ.ഉ.(സാധ.)നം.1275/2009/തസ്വഭവ നമ്പർ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം പൊതു ടാപ്പുകളുടെ എണ്ണവും, അവസ്ഥയും തിട്ടപ്പെടുത്തേണ്ടതും, ആകെ ടാപ്പുകൾ, ജലം ലഭിക്കുന്ന ടാപ്പുകൾ, പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കണമെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളൂവെന്ന് ഉറപ്പുവരുത്തണമെന്നും സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ സംയുക്ത പരിശോധന ഉൾപ്പടെ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ ഒന്നും തന്നെ പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. ഓഡിറ്റ് കാലയളവിൽ 455 ടാപ്പുകൾക്ക് പ്രതിമാസം 199063 രൂപ നിരക്കിൽ വെള്ളക്കരം ഒടുക്കിവരുന്നു. ഓഡിറ്റ് വർഷം ആകെ 23.89 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവഴിച്ചു. സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം ഒടുക്കുന്നത് പഞ്ചായത്ത് ഫണ്ടിന്റെ വലിയ തോതിലുള്ള പാഴ്ചെലവിന് കാരണമാകുന്നു.

പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളെക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും (സബ്സിഡിക്ക് അർഹതിയില്ലാത്തവരിൽനിന്ന് മുഴുവൻ തുകയും ഈടാക്കി) ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്തതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കേണ്ടതുമാണ് (സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ., തീ. 16.11.2013 – പേജ് 42, ഖ.2). സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല.

ഈ വിഷയത്തിൽ കുടിവെള്ള മേഖലയുടെ ചുമതലയുള്ള ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വരി ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ക്രീയാത്മക നടപടികൾ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 3-19 കുടിശ്ശിക ഒടുക്കുന്നതിന് നടപടി സ്വീകരിക്കണം

വാട്ടർ അതോറിറ്റിയുടെ 2018 മാർച്ച് മാസത്തെ ബില്ലിൽ കുടിശ്ശിക ഇനത്തിൽ 49554 രൂപയും, ഫൈൻ ഇനത്തിൽ 972 രൂപയും നിലനിൽക്കുന്നു. പഞ്ചായത്ത് പ്രതിമാസ ബിൽ തുകയായി 199063 രൂപ മാത്രമാണ് അടച്ചുവരുന്നത്. കുടിശ്ശിക തുക ഒടുക്കാത്തതിനാൽ പിഴ പലിശയും, കൂട്ടു പലിശയുമായി കുടിശ്ശിക തുക ക്രമാനുഗതമായി വർദ്ധിക്കുകയാണ്. കുടിശ്ശിക ഒടുക്കാതിരിക്കുന്നത് പഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് വിരുദ്ധമാണ്. കുടിശ്ശിക എത്രയും വേഗം ഒടുക്കുവരുത്തി പഞ്ചായത്തിനുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-20 ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച തൊഴിലാളികളെ ചട്ടവിരുദ്ധമായി തുടരാൻ അനുവദിക്കുന്നു

ഗ്രാമപഞ്ചായത്തിലെ ഏനാത്ത് മാർക്കറ്റ് ശുചീകരിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് തൊഴിലാളികളെ നിയമിച്ച് മസ്റ്റർ റോൾ പ്രകാരം പ്രതിമാസം 7750 രൂപ നിരക്കിൽ വേതനം നൽകുന്നുണ്ട്. ഇവർ വർഷങ്ങളായി ജോലിയിൽ തുടർന്നുവരുകയാണ്. ഇവരുടെ നിയമനം സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾ - പാർട്ട് II റൂൾ 9 (നോട്ട് 6) പ്രകാരം 180 ദിവസത്തിൽ കൂടുതൽ കാലയളവിലേക്ക് താല്ക്കാലിക ജീവനക്കാരെ ജോലിയിൽ തുടരാൻ അനുവദിക്കാൻ പാടില്ലാത്തതാണ്. ചട്ടലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് - പദ്ധതി നടപ്പിലാക്കാത്തതിനാലുള്ള പാഴ്ചെലവ്

സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് യഥാസമയം പഞ്ചായത്ത് നടപടി സ്വീകരിച്ചില്ല. തെരുവ് വിളക്ക് തെളിയിക്കുന്നതിന് യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുകയായെങ്കിൽ ഫിക്സഡ് താരിഫ് നൽകുന്നതുമൂലമുള്ള ഭീമമായ നഷ്ടം ഒഴിവാക്കാമായിരുന്നു. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 21.01.2006-ലെ 9541/ഡി.പി.1 /05/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 17.05.12-ൽ ഇലക്ട്രിസിറ്റി ബോർഡ് പുറപ്പെടുവിച്ച B.O.(FM)(Genl)No.1007/2012(Plg.Com.3515/98/11-12) നമ്പർ ഉത്തരവ് പ്രകാരം 6 മാസത്തിനകം മീറ്ററിംഗിനുള്ള തുക ഒടുക്കുന്ന പക്ഷം എസ്റ്റിമേറ്റ് തുകയുടെ 50% മാത്രം ഒടുക്കിയാൽ മതിയെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ ചെലവ് ചുരുക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള സുവർണ്ണാവസരം പഞ്ചായത്ത് പ്രയോജനപ്പെടുത്തിയില്ല. മീറ്റർ സ്ഥാപിക്കുന്നതിന് 2015-16 വർഷം 535000 രൂപ ഒടുക്കിയിട്ടുണ്ട്.

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഭാഗികമായി മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. വൈദ്യുതി ബില്ലിംഗ് പൂർണ്ണമായും മീറ്ററിംഗിലേക്ക് മാറാത്തതിനാൽ ഉപയാഗിക്കാത്ത വൈദ്യുതിയ്ക്ക് പഞ്ചായത്ത് ചാർജ്ജ് ഒടുക്കുന്ന അവസ്ഥയാണ്. നിലവിൽ ശരാശരി 1.3 ലക്ഷം രൂപയാണ് തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജ് ഇനത്തിൽ ഒടുക്കുവരുത്തുന്നത്. ഇതിൽ ഫിക്സഡ് ചാർജ്ജായി 93561 രൂപയാണ് കെ.എസ്.ഇ.ബി. ചാർജ്ജ് ചെയ്യുന്നത്. കെ.എസ്.ഇ.ബി. ലഭ്യമാക്കിയ ചാർജ്ജ് പട്ടിക പ്രകാരം 320 40W ഓർഡിനറി ബൾബുകളുടെ താരിഫായി 21120 രൂപയാണ് ഈടാക്കുന്നത്. വർഷങ്ങളായി പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ആവശ്യത്തിന് ഓർഡിനറി ബൾബുകൾ ഉപയോഗപ്പെടുത്തുന്നില്ലെന്നത് ഒരു വസ്തുതയാണ്. എന്നാൽ മുമ്പ് എന്നോ ഒഴിവാക്കപ്പെട്ട ഓർഡിനറി ബൾബുകൾക്കും പഞ്ചായത്ത് മുടങ്ങാതെ ചാർജ്ജ് ഒടുക്കിവരുകയാണ്.

കെ.എസ്.ഇ.ബി. അധികൃതരുമായി ബന്ധപ്പെട്ട് ഓർഡിനറി ബൾബുകളുടെ താരിഫ് മുൻകാല പ്രാബല്യത്തിൽ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഈ ഇനത്തിൽ കെ.എസ്.ഇ.ബി. അധികം ഈടാക്കിയ തുക തുടർന്നുള്ള ബില്ലിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കി ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-22 മഴക്കാല പൂർവ്വ ശുചീകരണത്തിന് തനത് ഫണ്ടിൽനിന്നും ചെലവഴിച്ച തുക ക്രമീകരിച്ചില്ല

മഴക്കാല പൂർവ്വ ശുചീകരണത്തിന് പഞ്ചായത്തിലെ 20 വാർഡുകളിലും 25000 രൂപ വീതം ചെലവഴിക്കുന്നതിന് 21.06.2017-ലെ സ.ഉ.(സാധാ.)നം.2096/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നം. 21700334/01.08.17 പ്രകാരം ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും 5 ലക്ഷം രൂപ പി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ടി തുക ചെലവഴിച്ചതിനുശേഷം ആയത് ക്രമവൽക്കരിക്കുന്നതിനുള്ള നടപടി തദ്ദേശഭരണ സ്ഥാപനം സ്വീകരിക്കണമെന്ന് ടി ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർക്ക് നൽകിയ 5 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ, ശുചിത്വമിഷനിൽനിന്നും തുക റീംബേഴ്സ് ചെയ്ത് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള ചെലവ് ക്രമവൽക്കരിക്കുന്നതനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-23 തെരുവ് വിളക്കുകൾക്ക് അറ്റകുറ്റപ്പണി - അപാകതകൾ

പ്രോ.നം. SOO 10/18, ചെലവ് - 245220

അടാട്ട് മാതൃകയിൽ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറേയും, ഇലക്ട്രീഷ്യനേയും നിയമിച്ച് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയ ഇനത്തിൽ ഓഡിറ്റ് വർഷം 2,45,220 രൂപ ചെലവഴിച്ചിട്ടുണ്ട്. ഡ്രൈവർക്ക് 400 രൂപ നിരക്കിലും, ഇലക്ട്രീഷ്യന് 500 രൂപ നിരക്കിലുമാണ് പ്രതിഫലം നൽകിയിട്ടുള്ളത്. അടാട്ട് മാതൃകയിൽ തെരുവ് വിളക്കുകളുടെ പരിപാലനം നടത്തുന്ന പഞ്ചായത്തുകൾക്കായി പഞ്ചായത്ത് ഡയറക്ടർ പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (ഉത്തരവ് നം.G2/44274/2015 തീ. 17.08.15) എന്നാൽ പ്രസ്തുത മാർഗ്ഗരേഖയിലെ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല.

തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി സ്വീകരിക്കുന്നതിനും, തുടർനടപടികൾക്കുമായി നോഡൽ ഓഫീസറേയും, നോഡൽ പോയിന്റുകളും നിശ്ചയിച്ചിട്ടില്ല. പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറുകയും, പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും, നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ കുറഞ്ഞത് 15-നും 25-നും ഇടയ്ക്ക് ലൈറ്റുകൾ റിപ്പയർ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന നിബന്ധന പാലിച്ചിട്ടില്ല. മാസത്തിലൊരിക്കൽ കെ.എസ്.ഇ.ബി. അധികൃതരെ പങ്കെടുപ്പിച്ച് മോണിട്ടറിംഗ് കമ്മിറ്റി യോഗം വിളിച്ച് ചേർത്ത് പ്രവൃത്തി ഫലപ്രദമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. വാർഡ് തലത്തിൽ വാർഡ് മെമ്പർ ചെയർമാനായുള്ള മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവു വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

അറ്റകുറ്റപ്പണികൾക്കുള്ള ഉപകരണങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. കേടായ ഉപകരണങ്ങൾ പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് Register of Unserviceable Items എന്ന രജിസ്റ്ററിൽ ചേർക്കുകയോ വർഷാന്ത്യത്തിൽ ഇപ്രകാരമുള്ള Stock in Register-ഉം, Stock out Register-ഉം റീക്കൺസൈൽ ചെയ്യുകയോ ചെയ്തിട്ടില്ല. കൂടാതെ ബഹു. പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിൽ പറഞ്ഞിരുന്ന മാതൃകയിൽ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുകയോ ആയതിന്റെ കൃത്യത പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ടി അപാകതകൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-24 പത്ര പരസ്യം - സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനവും, പഞ്ചായത്ത് ഫണ്ടിന്റെ ധൂർത്തും

2017-18 വാർഷിക പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ ദർഘാസുകൾ പരസ്യം ചെയ്ത ഇനത്തിൽ 229490 രൂപ ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം. തീ. | തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|
| 21700623/20.10.17 | 6048 | ദേശാഭിമാനി |
| 21700624/20.10.17 | 10836 | മലയാള മനോരമ |
| 21700720/10.11.17 | 17787 | മാതൃഭൂമി |
| 21700841/21.12.17 | 23058 | ദേശാഭിമാനി |

| | | |
|---|---|---|
| 21701146/24.02.18 | 13020 | മാതൃഭൂമി |
| 21701147/24.02.18 | 16632 | മാതൃഭൂമി |
| 21701171/02.03.18 | 11433 | ദേശാഭിമാനി |
| 21701172/02.03.18 | 7497 | ദേശാഭിമാനി |
| 21701174/02.03.18 | 4620 | മാതൃഭൂമി |
| 21700072/06.05.17 | 4000 | മാതൃഭൂമി |
| 21701507/31.03.18 | 18293 | ദേശാഭിമാനി |
| 21701508/31.03.18 | 16006 | ദേശാഭിമാനി |
| 21701509/31.03.18 | 8996 | ദേശാഭിമാനി |
| 21701510/31.03.18 | 14994 | ദേശാഭിമാനി |
| 21701511/31.03.18 | 10080 | ദേശാഭിമാനി |
| 21701512/31.03.18 | 8894 | ദേശാഭിമാനി |
| 21701513/31.03.18 | 10836 | ദേശാഭിമാനി |
| 21701514/31.03.18 | 16254 | ദേശാഭിമാനി |
| 21701515/31.03.18 | 10206 | ദേശാഭിമാനി |
| ആകെ | 229490 | |

പരസ്യ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ദർഘാസുകൾ 'വിൻഡോ' രൂപത്തിലായിരിക്കണമെന്നും പൂർണ്ണ രൂപം സർക്കാർ വെബ്സൈറ്റിൽ നൽകണമെന്നും സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു (21.06.04-ലെ 7441/ഡി-1/04/ഐ.&പി.ആർ.). എന്നാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പൂർണ്ണ രൂപത്തിലുള്ള ദർഘാസ് പരസ്യങ്ങളാണ് പഞ്ചായത്ത് നൽകിയത്. സർക്കാർ നിർദ്ദേശം പാലിച്ചിരുന്നെങ്കിൽ ദർഘാസ് പരസ്യ ചെലവ് മൂന്നിലൊന്നായി കുറയ്ക്കാൻ സാധിക്കുമായിരുന്നു. കൂടാതെ സർക്കാർ പരസ്യങ്ങൾക്ക് പത്രമാധ്യമങ്ങൾ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് 04.01.2011-ലെ ജി.ഒ.(ആർ.ടി.)നം.1/2011/പി.&എ.ആർ.ഡി നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പരസ്യങ്ങൾക്ക് അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നതിനും പഞ്ചായത്ത് അധികൃതർ നടപടി സ്വീകരിച്ചിട്ടില്ല.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്രോക്യൂർമെന്റ് മാന്വൽ പ്രകാരം 1 ലക്ഷം രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ഒരു മലയാള ദിനപത്രത്തിലും, ഇംഗ്ലീഷ് ദിനപത്രത്തിലും ദർഘാസ് പരസ്യം നൽകേണ്ടതാണ്. എന്നാൽ ഈ പഞ്ചായത്തിൽ വാങ്ങലിനുള്ള ദർഘാസുകൾ രണ്ട് മലയാള ദിനപത്രങ്ങളിൽ പരസ്യം ചെയ്യുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്.

ദർഘാസുകൾ പരസ്യം ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനും അതുവഴി പരസ്യ ചെലവ് പരമാവധി കുറയ്ക്കുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-25 പദ്ധതി നിർവ്വഹണ ചെലവ് പരിധി ലംഘിച്ചു

2017-18 വാർഷിക പദ്ധതി രൂപീകരണ/നിർവ്വഹണ ചെലവുകൾക്കായി തനത് ഫണ്ടിൽനിന്നും 3 ലക്ഷം രൂപ വകയിരുത്തിയാണ് പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിരുന്നത് (പ്രോജക്ട് നം.54/18). എന്നാൽ ഈ പ്രോജക്ടിന്റെ ഭാഗമായി 408702 രൂപ ചെലവഴിച്ചു. വകയിരുത്തിയതിനേക്കാൾ 108702 രൂപ അധികം ചെലവഴിച്ചത് ക്രമപ്രകാരമല്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ പദ്ധതി രൂപീകരണ/നിർവ്വഹണ ചെലവുകൾ അംഗീകരിച്ച പ്രോജക്ടിൽ വകയിരുത്തിയ തുകയിൽ അധികമാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-26 റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കലും, ദുർവിനിയോഗവും

സാംസ്കാരിക നിലയങ്ങളിൽ ഉൾകൊള്ളാവുന്നതിൽ അധികം കസേരകൾ വാങ്ങികൂട്ടി സർക്കാർ ഫണ്ട് ദുർവിനിയോഗം ചെയ്തു. 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പ്രോജക്ടിലാണ് (35/18) ഇപ്രകാരം ഫണ്ട് ദുർവിനിയോഗം ഉണ്ടായിട്ടുള്ളത്. പഞ്ചായത്തിന്റെ അധീനതയിലുള്ള പനവിള യൂത്ത് സെന്ററിനും, ഓലിക്കുളങ്ങര സാംസ്കാരിക നിലയത്തിനും വേണ്ടിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഗ്രാമസഭാ യോഗങ്ങളും മറ്റും സംഘടിപ്പിക്കുന്ന ആവശ്യത്തിനായി മീറ്റിംഗ് ഹാളുകളായാണ് കെട്ടിടങ്ങൾ പണിഞ്ഞിരിക്കുന്നത്. ഹാളുകളുടെ വിസ്തൃതി 600 ച.അടിയിൽ താഴെയാണെന്ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ കണ്ടു. ഈ ഹാളുകകളിൽ ഉൾകൊള്ളാവുന്ന പരമാവധി ആളുകളുടെ എണ്ണം 100 താഴെ മാത്രമാണ്. എന്നാൽ നിലവിലുള്ള കെട്ടിട സൗകര്യങ്ങൾ പരിഗണിക്കാതെ പദ്ധതിയ്ക്ക് 190000 രൂപ വകയിരുത്തുകയും 189828 രൂപ ചെലവഴിച്ച് 423 കസേരകൾ വാങ്ങുകയും ചെയ്തു. ഇതിൽ 223 എണ്ണം പനവിള യൂത്ത് സെന്ററിനും, 200 എണ്ണം ഓലിക്കുളങ്ങര സാംസ്കാരിക നിലയത്തിനും വിതരണം ചെയ്തു. എന്നാൽ വിതരണം ചെയ്ത കസേരകളിൽ ഭൂരിഭാഗവും ഇടാൻ സ്ഥലമില്ലാത്തതിനാൽ ഹാളുകളുടെ മൂലയിൽ അടുക്കി വച്ചിരിക്കുകയാണ്.

മേൽപറഞ്ഞ രണ്ട് സാംസ്കാരിക നിലയങ്ങളും പഞ്ചായത്തിന്റെ ആസ്തിയാണെങ്കിലും അവയുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ഇവയുടെ മേൽനോട്ടത്തിനും, സംരക്ഷണത്തിനും കമ്മിറ്റികൾ രൂപീകരിച്ച് ചുമതല ഏൽപ്പിച്ച് നൽകിയിട്ടുള്ളതായും കണ്ടില്ല. വാങ്ങിയ കസേരകൾ ഇവിടെ സൂക്ഷിച്ചിട്ടുണ്ടെന്നതല്ലാതെ അവ ഔദ്യോഗികമായി ആരെങ്കിലും കൈപ്പറ്റുകയോ അവയുടെ സംരക്ഷണ ചുമതല ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല. ഓലിക്കുളങ്ങര സാംസ്കാരിക നിലയത്തിന്റെ കാര്യത്തിൽ അടച്ചുറപ്പില്ലാത്ത ഹാളിൽ സുരക്ഷതമല്ലാതെയാണ് കസേരകൾ സൂക്ഷിച്ചിരിക്കുന്നത്.

ഈ പദ്ധതിയ്ക്ക് റോഡിതര മെയിന്റനൻസ് ഗ്രാന്റാണ് വിനിയോഗിച്ചിരിക്കുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറികിട്ടിയ

സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, അടിസ്ഥാന സൗകര്യ വികസനത്തിനുമാണ് സർക്കാർ റോഡിതര മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത്. സാംസ്കാരിക നിലയങ്ങൾ ഇപ്രകാരം കൈമാറികിട്ടിയ സ്ഥാപനങ്ങളല്ല മറിച്ച് പഞ്ചായത്തിന്റെ തനത് ആസ്തികളാണ്. പഞ്ചായത്തിന്റെ തനത് ആസ്തികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിന് വ്യവസ്ഥയില്ല. ഈ പ്രോജക്ടിന് റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചതും, പ്രോജക്ടിന് വെറ്റിംഗ് ഓഫീസർ അനുമതി നൽകിയതും ക്രമപ്രകാരമല്ല.

ആവശ്യാധിഷ്ഠിതമായല്ലാതെ വാങ്ങൽ നടത്തിയിട്ടുള്ളതിനാലും, റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി പദ്ധതിയ്ക്ക് ചെലവഴിച്ചിട്ടുള്ള സാഹചര്യത്തിലും പ്രോജക്ടിന് ചെലവഴിച്ച 189828 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വകമാറ്റിയ തുകയ്ക്ക് തുല്യമായ തുക പൊതു ആവശ്യ ഗ്രാന്റ്/തനത് ഫണ്ടിൽനിന്നോ, വികസന ഫണ്ടിൽനിന്നോ പരിഹാര വകയിരുത്തൽ നടത്തേണ്ടതാണ്. കൂടാതെ ആവശ്യത്തിലധികമായി വിതരണം ചെയ്തിട്ടുള്ള കസേരകൾ പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളുടെ ആവശ്യത്തിലേക്ക് വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതുമാണ്.

## 3-27 തെരുവ് വിളക്കുകൾക്കുവേണ്ടി വൻതുക മുടക്കി വാങ്ങിയ ഉപകരണങ്ങളുടെ വിനിയോഗ വിവരം ഇല്ല

ഓഡിറ്റ് വർഷം തെരുവ് വിളക്ക് തെളിയിക്കുന്നതിനുവേണ്ടി കൊച്ചുമേലേതിൽ ഏജൻസീസ്, കുണ്ടറ, കൊല്ലം എന്ന സ്ഥാപനത്തിൽനിന്നും 1082563 രൂപയുടെ സാധന സാമഗ്രികളാണ് ചുവടെ ചേർക്കും പ്രകാരം വാങ്ങിയിട്ടുള്ളത്.

| ക്രമ നം. | പ്രോജക്ട് നം. | ഇൻവോയ്സ് നം., തീയതി | ഇനം | എണ്ണം | തുക | ട്രഷറി ബിൽ നം., തീ. |
|---|---|---|---|---|---|---|
| 1 | S0014/18 | E189/26.03.18 | Single Tube Set | 475 | 504450 | 24/24.01.18 (₹57820)<br>43/28.03.18 (₹104000)<br>44/28.03.18 (₹424956) |
| | | | Clamp fitting | 140 | 18832.80 | |
| | | | 1.5 Q mm Aluminium wire | 20 | 5664 | |
| | | | Starter for FTL | 475 | 4.75 | |
| | | | Crompton Copper Choke | 475 | 4.75 | |
| | | E93/10.01.18 | Clamp Fitting | 350 | 57820 | |
| 2 | S0008/18 | E90/08.01.18 | Crom 36W Tube | 750 | 29205 | 25/24.01.18 (₹149211)<br>26/24.01.18 (₹71164)<br>29/23.02.18 (₹264792)<br>30/23.02.18 (₹10620) |
| | | | Insulation Tape | 50 | 531 | |
| | | | Crompton Copper Choke | 750 | 119475 | |
| | | E31/10.05.17 | Spare Parts (21 items) | 10700 | 71164 | |
| | | E121/14.02.18 | Single Tube Frame | 408 | 264792 | |
| | | E98/17.01.18 | 1.5 SQ Aluminium wire | 20 | 5664 | |
| | | | Starter for FTL | 600 | 4956 | |
| | | | ആകെ | | 1082563 | |

മേൽ പറഞ്ഞ പ്രകാരം വാങ്ങിയ സാധന സാമഗ്രികളുടെ വിവരം ഒരു സ്റ്റോക്ക് രജിസ്റ്ററിൽ അലക്ഷ്യമായി രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ ഇവയുടെ വിനിയോഗം സംബന്ധിച്ച കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് നം.14/18 പ്രകാരം 504450 രൂപ ചെലവഴിച്ച് 475 പുതിയ സിംഗിൾ ട്യൂബ് സെറ്റുകൾ വാങ്ങിയിട്ടുണ്ട്. പുതിയ ട്യൂബ് സെറ്റുകൾ പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-യിൽ സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കേണ്ടതുണ്ട്. ഈ ആവശ്യത്തിലേക്ക് പ്രോജക്ട് നം. 140/18 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 28400 രൂപ വകയിരുത്തി പ്രോജക്ട്

ആവിഷ്കരിച്ചിരുന്നെങ്കിലും തുക ഒടുക്കിയിട്ടില്ല. സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കുകയും കെ.എസ്.ഇ.ബി-യിൽനിന്നും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടില്ല. കൂടാതെ പ്രോജക്ട് മോണിട്ടറിംഗ് റിപ്പോർട്ട്, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവയും ലഭ്യമല്ല. ഈ സാഹചര്യത്തിൽ പദ്ധതി പ്രകാരം വാങ്ങിയ 475 ട്യൂബ് സെറ്റുകൾ പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടാനായിട്ടില്ല.

വൻതുക ചെലവഴിച്ച് വാങ്ങുന്ന ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക്, വിനിയോഗ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കാതിരിക്കുന്നത് ഗൗരവം അർഹിക്കുന്ന വീഴ്ചയാണ്. ടി പ്രോജക്ടുകളുടെ ഭാഗമായി ചെലവഴിച്ച 1082563 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൃത്യമായ വിനിയോഗ വിവരം ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം തീർപ്പാക്കുന്നതാണ്.

## 3-28 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല – ക്രമീകരിക്കാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് 69.29 ലക്ഷം രൂപ

ഗ്രാമ പഞ്ചായത്ത് മുൻവർഷങ്ങളിൽ (2008-09 മുതൽ 2016-17 വരെ) വാട്ടർ അതോറിട്ടി മുഖാന്തിരം ഏറ്റെടുത്ത 6928956 അടങ്കലുള്ള 12 പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. മുൻകൂർ നല്കിയ തുകകളുടെ വിശദവിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. തുക അടവാക്കിയതല്ലാതെ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കി വാട്ടർ അതോറിട്ടിയിൽനിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും ഡെപ്പോസിറ്റ് തുകയിൽ ചെലവാകാതെ അവശേഷിക്കുന്ന തുക മടക്കി വാങ്ങുന്നതിനും ഗ്രാമപഞ്ചായത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായി കണ്ടില്ല. പൂർത്തീകരണ വിവരം ലഭ്യമല്ലാത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./വർഷം | പ്രോജക്ടിന്റെ പേര് | ഡെപ്പോസിറ്റ് തുക |
|---|---|---|---|
| 1. | 93/08-09 | ചുമടുതാങ്ങി അംബേദ്കർ കോളനി കല്ലുവെട്ടിഭാഗം മുളയംകോട് പട്ടികജാതി കോളനിയിലേക്ക് പൈപ്പ് ലൈൻ | 280000 |
| 2. | 163/09-10 | കുന്നേപാലവിള തെറ്റിമുകൾ പൈപ്പ് ലൈൻ | 100000 |
| 3. | 162/09-10 | കോളനികൾക്ക് പൈപ്പ് ലൈൻ (പൊടിവിള കോളനി) | 500000 |
| 4. | 87/11-12 | പൈപ്പ് ലൈൻ നീട്ടൽ | 56000 |
| 5. | 81/12-13 | പൈപ്പ് ലൈൻ നീട്ടൽ | 16000 |
| 6. | 242/13-14 | കുളശ്ശേരി കോളനിയിലേക്ക് പൈപ്പ് ലൈൻ | 400000 |
| 7. | 243/13-14 | പാറവിള കോളനിയിലേക്ക് പൈപ്പ് ലൈൻ | 300000 |
| 8. | 141/14-15 | അയണിക്കമുകൾ കുടിവെള്ള പദ്ധതി (വാർഡ് 5) | 600000 |
| 9. | 51/15-16 | കൈതപറമ്പ് സാംസ്കാരിക നിലയത്തിന് വാട്ടർ കണക്ഷൻ | 80000 |
| 10. | 113/16-17 | SC കോളനികളിലേക്ക് പൈപ്പ് ലൈൻ | 140000 |
| 11. | 117/16-17 | എല്ലാ വാർഡുകളിലും കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2381956 |
| 12. | 188/16-17 | 1,2,3,4,5,10 വാർഡുകളിലേക്ക് കുടിവെള്ള വിതരണത്തിന് OH ടാങ്ക് മുതൽ കാവനാൽ എസ്.എൻ.ഡി.പി. ജംഗ്ഷൻവരെ പൈപ്പ് ലൈൻ | 2075000 |
| | | ആകെ | 6928956 |

ടി പ്രവൃത്തികൾ പൂർത്തീകരിച്ച് മുൻകൂർ തുകകൾ ക്രമീകരിച്ചതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-29 ഫലപ്രാപ്തിയിലെത്താത്ത പദ്ധതികൾ

ഗ്രാമപഞ്ചായത്ത് മുൻ വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള ചുവടെ ചേർക്കുന്ന പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ പദ്ധതികൾക്ക് മുടക്കിയ പണം

നിഷ്ഫലമായി കിടക്കുന്നു.

1. *പനവിള യൂത്ത് സെന്ററിൽ ലൈബ്രറിയും, വായനശാലയും*

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയിൽനിന്നും 600000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് നം. S0147/2016 പ്രകാരം 509774 രൂപ ചെലവഴിച്ച് 2016 വർഷം പനവിള യൂത്ത് സെന്റർ കെട്ടിടത്തിന് മുകളിൽ ലൈബ്രറിയും വായനശാലയും നിർമ്മിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന പ്രകാരം ലൈബ്രറിയും, വായനശാലയും ആരംഭിക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. പദ്ധതിയ്ക്ക് ചെലവഴിച്ച തുക നിഷ്ഫലമായി.

2. *ഗ്രാമപഞ്ചായത്ത് ലൈബ്രറിയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ*

2017-18ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് ലൈബ്രറിയ്ക്ക് വാങ്ങിയ കമ്പ്യൂട്ടർ ഓഡിറ്റ് തീയതിയിലും സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കാതിരുന്നതിനാൽ ഇതിന് ചെലവഴിച്ച 43250 രൂപ നിഷ്ഫലമായി. പ്രോജക്ട് നമ്പർ 16/18 പ്രകാരം തനത് ഫണ്ടിൽനിന്നും 125132 രൂപ വകയിരുത്തിയാണ് പദ്ധതി ആവിഷ്കരിച്ചിരുന്നത്. പ്രോജക്ട് രേഖയിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കിയിരുന്നില്ല. രണ്ട് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരുന്നത്. എന്നാൽ ഒരു കമ്പ്യൂട്ടർ മാത്രമാണ് വാങ്ങിയിട്ടുള്ളത്. മൊത്തം പ്രോജക്ട് അടങ്കലിന്റെ 35% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സംബന്ധിച്ചോ, പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ അടങ്കൽ തുക സംബന്ധിച്ചോ വ്യക്തമായ യാതൊരു ധാരണയും കൂടാതെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത് പൊതു പണത്തിന്റെ ദുർത്തായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

*3. റിസോഴ്സ് റിക്കവറി സെന്റർ*

പഞ്ചായത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി കുടുംബശ്രീ വഴി പ്ലാസ്റ്റിക് മാലിന്യം സംഭരിച്ച് വേർതിരിച്ച് ഏജൻസികൾക്ക് വിതരണം ചെയ്യുന്നതിനായി പഞ്ചായത്തിലെ 20-ാം വാർഡിൽ ഒരു റിസോഴ്സ് റിക്കവറി സെന്റർ സ്ഥാപിക്കുന്നതിനായി 2014-15 വാർഷിക പദ്ധതിയിൽ 500000 രൂപ അടങ്കൽ വകയിരുത്തി പദ്ധതി (59/15) ആവിഷ്കരിക്കുകയും 2014 ഡിസംബറിൽ 498701 രൂപ ചെലവിട്ട് കെട്ടിടം പണി പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ നാളിതുവരെയായി മെറ്റീരിയൽ റിക്കവറി സെന്റർ പ്രവർത്തനം തുടങ്ങിയിട്ടില്ല. പൊതു പണം ചെലവ് ചെയ്ത് ആസ്തികൾ ആർജ്ജിച്ചതിനുശേഷം എന്ത് ആവശ്യത്തിനാണോ ആസ്തി സൃഷ്ടിച്ചത് ആ ആവശ്യത്തിന് ഉപയോഗപ്പെടുത്താതെ പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കുന്നത് പൊതു പണത്തിന്റെ ദുർവിനിയോഗമാണ്.

മേൽ പറഞ്ഞ ആസ്തികൾ പ്രവർത്തന ക്ഷമമാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-30 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - സെന്റേജ് ചാർജ്ജ് 2.5% അധികം കണക്കാക്കിയതും മറ്റ് അപാകതകളും

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.237/18 പ്രകാരം 3-ാം വാർഡിലെ വീരപ്പള്ളിൽപ്പടി തേപ്പുപാറ റോഡിൽ പൈപ്പ് ലൈൻ നീട്ടുന്നതിന് പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 1390793 രൂപ വകയിരുത്തി വാട്ടർ അതോറിട്ടിയുടെ പത്തനംതിട്ട പബ്ലിക് ഹെൽത്ത് ഡിവിഷനിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിക്ക് 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് വാട്ടർ അതോറിട്ടി തയ്യാറാക്കി നൽകിയിട്ടുള്ളത്. എന്നാൽ 1390793 രൂപ മാത്രമാണ് പഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. പദ്ധതിയുടെ തൃപ്തികരമായ പൂർത്തീകരണത്തിനാവശ്യമായ ഫണ്ട് വകയിരുത്താതെ ലഭ്യമായ ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. അവശേഷിച്ച 609207 രൂപ ഒടുക്കുവരുത്തുന്നതിന് തുടർന്ന് പദ്ധതി ആവിഷ്കരിച്ചിട്ടില്ല്ല. തുടർ പദ്ധതി ആവിഷ്കരിച്ച് പദ്ധതിയുടെ തൃപ്തികരമായി പൂർത്തീകരണം ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

എസ്റ്റിമേറ്റ് തുക 1765930.82 രൂപയും, 12.5% സെന്റേജ് ചാർജ്ജ് 220741.35 രൂപയും, ലംപ്സം തുക 13327.83 രൂപയും ഉൾപ്പടെയാണ് 20 ലക്ഷം രൂപ പ്രവൃത്തിക്ക് അടങ്കൽ കണക്കാക്കിയിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും, 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്താണ് 12.5% സെന്റേജ് വാട്ടർ അതോറിട്ടി കണക്കാക്കിയിരിക്കുന്നത്. പി.ഡബ്ല്യു.ഡി. മാന്വൽ ഖണ്ഡിക 1601.4 പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജ്ജായ 2.5% തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് ഈടാക്കാൻ പാടില്ല. പി.ഡബ്ല്യു.ഡി. മാന്വൽ കേരള വാട്ടർ അതോറിറ്റിക്ക് ബാധകമാണ്. അപ്രകാരം 10% സെന്റേജ് (₹176593) കണക്കാക്കുന്നതിനുപകരം 12.5% നിരക്കിൽ സെന്റേജ് ചാർജ്ജ് കണക്കാക്കിയിട്ടുള്ളത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രവൃത്തി അടങ്കലിൽ ആനുപാതികമായി കുറവ് (₹44148) രൂപ കുറവ് വരുത്തുന്നതിന് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടുന്നതിലേക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-31 എഗ്രിമെന്റ് ചമയ്ക്കാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക മുൻകൂർ നൽകി

കേരള ജല അതോറിട്ടി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് എന്നീ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ ഒരു ഡെപ്പോസിറ്റ് പ്രവൃത്തിക്ക് തുക മുൻകൂർ നൽകാവൂ [ജി.ഒ.(എം.എസ്.)നം.72/2017/തസ്വഭവ., തീ.29.03.2017 – ഖ. 83(17)]. എന്നാൽ ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസികളുമായി മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെച്ചിട്ടില്ല.

| പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | ഏജൻസി | ഡെപ്പോസിറ്റ് തുക |
|---|---|---|---|
| 99/18 | വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷനം, മീറ്റർ ഘടിപ്പിക്കലും | കെ.എസ്.ഇ.ബി. | 2746919 |
| 9/18 | എസ്.സി. | കെ.എസ്.ഇ.ബി. | 408425 |

| | | | |
|---|---|---|---|
| | കോളനികളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | | |
| 219/18 | ഏഴംകുളം വില്ലേജിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കെ.എസ്.ഇ.ബി. | 200026 |
| 237/18 | വീരപ്പള്ളിൽപ്പടി തേപ്പുപാറ റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിട്ടി | 1390793 |

എഗ്രിമെന്റ് വയ്ക്കാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകിയത് ക്രമപ്രകാരമല്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശത്തിന്റെ ലംഘനം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ വിഷയത്തിൽ ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതും, ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനാവശ്യമായ തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതുമാണ്.

## 3-32 വിവിധ കാരണങ്ങളാൽ തടസ്സപ്പെടുത്തിയ ചെലവുകൾ

ചുവടെ ചേർക്കുന്ന ചെലവുകൾ അതിന് എതിരെ പറയുന്ന കാരണങ്ങളാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | വൗച്ചർ നം., തീയതി | ചെലവ് തുക | ചെലവിന്റെ വിവരം | ചെലവ് തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|---|---|
| | 21700226 19.06.17 | 18360 | രജിസ്റ്ററുകൾ ബൈന്റ് ചെയ്ത ഇനത്തിൽ ശ്രീ വിജയൻ, മുടിയൂർകോണം, പന്തളം എന്ന വ്യക്തിക്ക് നൽകിയത് | ക്വട്ടേഷൻ, ചെലവ് തുക മുതലായവ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല. |
| | 21700222 21.06.17 | 200000 | മഴക്കാല പൂർവ്വ ശുചീകരണം - ശുചിത്വ മിഷൻ ഫണ്ട് വിഹിതം പി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് നൽകിയത് | വിനിയോഗ സാക്ഷ്യപത്രം, ചെലവ് രേഖകൾ മുതലായവ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. |
| | 21700223 21.06.17 | 100000 | മഴക്കാല പൂർവ്വ ശുചീകരണം - തനത് ഫണ്ട് വിഹിതം പി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് നൽകിയത് | വിനിയോഗ സാക്ഷ്യപത്രം, ചെലവ് രേഖകൾ മുതലായവ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. |
| | 21700234 30.06.17 | 93409 | ഏഴംകുളം ഗ്രാ.പഞ്ചായത്തിലെ 20 വാർഡുകളിൽ ജലവിതരണം നടത്തിയതിന്റെ ചെലവ് ശ്രീ സിനരാജിന് നൽകിയത് | ചെലവിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല |
| | 21700244 30.06.17 | 6474 | ഏനാത്ത് കംഫർട്ട് സ്റ്റേഷൻ വാട്ടർ ചാർജ്ജ് | മീറ്റർ പ്രവർത്തന ക്ഷമമല്ലെന്ന് ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ശരാശരി ദ്വൈമാസ ചാർജ്ജ് 760 രൂപ മാത്രം. അഡീഷണൽ തുകയായി 5714 രൂപ ഒടുക്കുവരുത്തിയിരിക്കുന്നു. ബില്ലിന്റെ കൃത്യത ബോദ്ധ്യപ്പെടാതെ തുക ഒടുക്കി |
| | 21700245 30.06.17 | 10618 | ഏനാത്ത് മാർക്കറ്റിലെ വാട്ടർ ചാർജ്ജ് | ദ്വൈമാസ ചാർജ്ജ് 1796 രൂപ മാത്രം. അഡീഷണൽ തുകയായി 8822 രൂപ ഒടുക്കുവരുത്തിയിരിക്കുന്നു. ബില്ലിന്റെ കൃത്യത ബോദ്ധ്യപ്പെടാതെ തുക ഒടുക്കി. |
| | 21700373 14.08.17 | 9100 | ഗാർഹിക മാലിന്യ സംസ്കരണം വിലയിരുത്തൽ ഫോറം 7000 എണ്ണം പ്രിന്റ് ചെയ്ത ഇനത്തിൽ ജയ ഓഫ് സെറ്റ് പ്രസ്സിന് നൽകിയത് | ചെലവിന് പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതി വാങ്ങിയിട്ടില്ല |
| | 21700405 24.08.18 | 41220 | ട്രഷറിയിൽ നിന്നും മാറി പി.ഡി.സി.ബി-യിൽ നിക്ഷേപിച്ചിട്ടുള്ള തൊഴിൽ രഹിത വേതനം പിൻവലിച്ചത് | വിതരണ വിവരം ഇല്ല |
| | 21700490 31.08.18 | 70000 | WPC No.13987/17, 15575, 17517, 32082/43, 17419/15, 33549/15, 11879/16 എന്നീ കേസുകൾക്ക് വക്കീൽ ഫീസ് അഡ്വ. കെ. ഷാജിക്ക് നൽകിയത് | സ്യൂട്ട് രജിസ്റ്ററിൽ വക്കീൽ ഫീസ് നൽകിയതിന്റെ വിവരം മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. കക്ഷികളുടെ വിവരം, വിഷയം, കേസ് നിലവിലുള്ള കോടതി, കേസ് കേട്ട തീയതികൾ, കേസിന്റെ നിലവിലെ സ്ഥിതി, കേസ് തീർപ്പാക്കിയതിന്റെ വിവരം മുതലായ വിവരങ്ങളില്ല. |
| | 21700629 23.10.17 | 37290 | ഏഴംകുളം ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിൽ ജലവിതരണം നടത്തിയതിന്റെ ചെലവ് ശ്രീ സിനരാജിന് നൽകിയത് | ചെലവിനാധരമായ രേഖകൾ ഹാജാരാക്കിയില്ല |

| | | | | |
|---|---|---|---|---|
| | 21700631<br>24.10.17 | 2317 | ഏനാത്ത് ബസ് ബേയുടെ വാട്ടർ ചാർജ്ജ് | ദ്വൈമാസ ചാർജ്ജ് 687 രൂപ മാത്രം. അഡീഷണൽ തുകയായി 1630 രൂപ ഒടുക്കവരുത്തിയിരിക്കുന്നു. ബില്ലിന്റെ കൃത്യത ബോദ്ധ്യപ്പെടാതെ തുക ഒടുക്കി. |
| | 21700632<br>24.10.17 | 3837 | ഏനാത്ത് മാർക്കറ്റിലെ വാട്ടർ ചാർജ്ജ് | ദ്വൈമാസ ചാർജ്ജ് 1796 രൂപ മാത്രം. അഡീഷണൽ തുകയായി 2041 രൂപ ഒടുക്കവരുത്തിയിരിക്കുന്നു. ബില്ലിന്റെ കൃത്യത ബോദ്ധ്യപ്പെടാതെ തുക ഒടുക്കി. |
| | 21700633<br>17.11.17 | 3244 | ഏനാത്ത് E-Toilet-ന്റെ വാട്ടർ ചാർജ്ജ് | ദ്വൈമാസ ചാർജ്ജ് 760 രൂപ മാത്രം. അഡീഷണൽ തുകയായി 2484 രൂപ ഒടുക്കവരുത്തിയിരിക്കുന്നു. ബില്ലിന്റെ കൃത്യത ബോദ്ധ്യപ്പെടാതെ തുക ഒടുക്കി. E-Toilet പ്രവർത്തിപ്പിക്കുന്നതിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം ലഭിച്ചിട്ടില്ല. |
| | 21700744<br>17.11.17 | 32200 | MNREGS 2017-18 വർഷത്തെ ആക്ഷൻ പ്ലാൻ പ്രിന്റ് ചെയ്യതിന് നൽകിയത് | പ്രിന്റിംഗിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. സ്റ്റോക്ക്, വിതരണ വിവരം ഇല്ല. |
| | 21700995<br>30.01.18 | 23000 | WPC No.13987/17, 23224/17, 15775/17, 38840/17 എന്നീ കേസുകൾക്ക് വക്കീൽ ഫീസ് അഡ്വ. ഷാജിയ്ക്ക് നൽകിയത് | സ്യൂട്ട് രജിസ്റ്ററിൽ വക്കീൽ ഫീസ് നൽകിയതിന്റെ വിവരം മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. കക്ഷികളുടെ വിവരം, വിഷയം, കേസ് നിലവിലുള്ള കോടതി, കേസ് കേട്ട തീയതികൾ, കേസിന്റെ നിലവിലെ സ്ഥിതി, കേസ് തീർപ്പാക്കിയതിന്റെ വിവരം മുതലായ വിവരങ്ങളില്ല. |
| | ആകെ | 651069 | | |

ആവശ്യമായ രേഖകൾ/വിശദീകരണം ലഭ്യമാക്കി തടസ്സവാദം തീർപ്പാക്കേണ്ടതാണ്.

## 3-33 ഭിന്നശേഷിക്കാരായ വ്യക്തികളുടെ രജിസ്റ്റർ തയ്യാറാക്കിയില്ല

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തുള്ള ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും, ഇപ്രകാരം ശേഖരിക്കപ്പെടുന്ന വിവരങ്ങൾ ഉൾക്കൊള്ളുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള ഒരു രജിസ്റ്റർ എല്ലാ ഗ്രാമപ്പഞ്ചായത്തുകളിലും സൂക്ഷിക്കേണ്ടതാണെന്നും, ഭിന്നശേഷിക്കാരായ വ്യക്തികൾക്കുള്ള കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഈ രജിസ്റ്ററിലെ വിവരങ്ങൾ ഉപയോഗിക്കേണ്ടതാണെന്നും, സർക്കാർ ഉത്തരവ് (സാധാ.)നം.2465/2016ത.സ്വ.ഭ.വ തീയതി17.08.2016പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്തിൽ ഇത്തരത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കാനോ രജിസ്റ്റർ തയ്യാറാക്കാനോ നാളിതുവരെയും നടപടി സ്വീകരിച്ചിട്ടില്ല. രജിസ്റ്റർ തയ്യാറാക്കിയതിനുശേഷം ക്യാമ്പുകൾ സംഘടിപ്പിച്ച് ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് നൽകണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-34 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് അർഹമായ ആനുകൂല്യം നൽകിയില്ല

ഭിന്നശേഷിയുള്ള എല്ലാ വ്യക്തികൾക്കും ആനുകൂല്യം ലഭിക്കാനാവശ്യമായ തുക വകയിരുത്തി പ്രോജക്ട് തയ്യാറാക്കുന്നില്ല. അതിനാൽ അർഹതയുള്ള ഒട്ടേറെപ്പേർക്ക് ഗ്രാമപ്പഞ്ചായത്തിന്റെ ആനുകൂല്യം നിഷേധിക്കപ്പെടുകയോ മതിയായ അളവിൽ ധനസഹായം ലഭിക്കാതിരിക്കുകയോ ചെയ്യിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പ് നടത്തിയ സർവ്വേ പ്രകാരം ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരുടെ എണ്ണം 571 ആണ്. എന്നാൽ 2017-18ൽ സ്കോളർഷിപ്പ് ഇനത്തിൽ നാമമാത്രമായ ആനുകൂല്യമെങ്കിലും നൽകിയിട്ടുള്ളത് 72പേർക്ക് മാത്രമാണ്. സ്കോളർഷിപ്പായി ഒരു കുട്ടിക്ക് ₹28500 വരെ നൽകാമെന്നിരിക്കെ ശരാശരി 6000രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. 87%പേർക്കും തൻവർഷം യാതൊരു ആനുകൂല്യവും പഞ്ചായത്തിൽനിന്നും ലഭിച്ചിട്ടില്ല. വരുംവർഷങ്ങളിൽ ഭിന്നശേഷിക്കാരായ വ്യക്തികൾക്കുവേണ്ടി മതിയായ ഫണ്ട് വകയിരുത്തി ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും അതുവഴി ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-35 ഇ.എം.എസ്. ഭവന പദ്ധതി - വിതരണം ചെയ്യാത്ത 10.5ലക്ഷം രൂപ അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ഇ.എം.എസ് ഭവനപദ്ധതിപ്രകാരം ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ലോണെടുത്ത തുകയിൽ അവശേഷിക്കുന്ന 1052015രൂപ നാളിതുവരെ തിരിച്ചടച്ചിട്ടില്ല. ഇതിന്റെ പലിശയിനത്തിൽ സർക്കാരിന് വൻതുകയാണ് നഷ്ടമാകുന്നത്.

| വർഷം | ലോണെടുത്ത തുക | വിനിയോഗിച്ച തുക | അക്കൗണ്ടിൽ അവശേഷിക്കുന്ന തുക |
|---|---|---|---|
| 2010 | 19326000 | 18273985 | 1052015 |

2010ൽ സർക്കാർ ഉത്തരവ് നം.(ആർ.റ്റി.)961/2010/ ത.സ്വ.ഭ.വ തീയതി 20.03.2010പ്രകാരം കോ ഓപ്പറേറ്റീവ് ബാങ്കിൽനിന്നും 10.5ശതമാനം പലിശനിരക്കിലാണ് പഞ്ചായത്ത് ലോണെടുത്തത്. ഇതിൽ വിതരണം ചെയ്യാതെ അവശേഷിച്ച തുകയാണ് യഥാസമയം തിരിച്ചടയ്ക്കാതിരുന്നത്. ലോൺതുകയിൽ 1474500 രൂപ ഇനിയും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ, ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പിൻവലിച്ച് ലോൺ തിരിച്ചടവിന് വിനിയോഗിക്കേണ്ടതാണ്.

*2016-17ൽ തിരിച്ചടവ് നടത്തിയില്ല*

2016-17വർഷം ഇ.എം.എസ് ഭവനപദ്ധതി ലോൺതുകയുടെ തിരിച്ചടവിൽ മുടക്കം വരുത്തി. ഈ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനം എടുക്കുന്ന ലോൺ തുകയുടെ പലിശ നൽകുന്നത് സർക്കാരായതിനാൽ ഈയിനത്തിലും സർക്കാർ ഫണ്ടിന് നഷ്ടമുണ്ടായി. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-36 അങ്കണവാടികൾ പ്രവർത്തിക്കുന്നത് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ കെട്ടിടങ്ങൾക്ക് 2017-18 വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. ഫിറ്റ്നസ് ഉറപ്പുവരുത്താത്ത കെട്ടിടങ്ങളിൽ കുട്ടികൾക്ക് മതിയായ സുരക്ഷ ഉറപ്പുവരുത്താൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. എല്ലാ വർഷവും മെയ് 10 നകം തദ്ദേശഭരണസ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസീയർ വാടകക്കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗനവാടികളും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്നും, സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ യാതൊരു കാരണവശാലും അംഗനവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും സർക്കുലർ നമ്പർ 31055 / ഡിസി.2/2011 തസ്വഭവ തീയതി 22.03.2011 പ്രകാരം സർക്കാർ കർശനനിർദ്ദേശം നൽകിയിട്ടുള്ളത് ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമേ വാടകയ്ക്കെടുക്കാൻ പാടുള്ളൂ എന്ന സർക്കുലർ നിർദ്ദേശം ശ്രദ്ധയിൽപ്പെടുത്തുന്നു. എല്ലാ വർഷവും കെട്ടിടങ്ങളുടെ ഫിറ്റ്നസ് ഉറപ്പുവരുത്തുന്നതിനും, വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഏഴ് അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിനും, വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്ത ഒൻപത് അങ്കണവാടികൾ വൈദ്യുതീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-37 അങ്കണവാടിക്കെട്ടിടങ്ങളുടെ വാടക നൽകുന്നില്ല

സ്വന്തമായി കെട്ടിടമില്ലാത്ത ഏഴ് അങ്കണവാടികളാണ് ഗ്രാമപ്പഞ്ചായത്തിൽ ഉള്ളത്. ഇവയ്ക്ക് ഗ്രാമപ്പഞ്ചായത്തിൽനിന്ന് വാടക നൽകുന്നില്ല. വാടക കൊടുക്കുന്നതിനായി കേന്ദ്രസർക്കാർ പ്രതിമാസം നൽകുന്ന750രൂപയേക്കാൾ അധികമാണ് യഥാർത്ഥത്തിൽ വേണ്ടിവരുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| അങ്കണവാടി നം | പ്രതിമാസ വാടക | ഒരുവർഷത്തെ ചെലവ് | കേന്ദ്രഫണ്ട് നൽകിയത് | ഗ്രാമപ്പഞ്ചായത്തിൽനിന്നും ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 24 | 1000 | 11000 | 8250 | 2750 |
| 30 | 1000 | 11000 | 8250 | 2750 |
| 32 | 1500 | 16500 | 8250 | 8250 |

അധികമായി വേണ്ടിവരുന്ന തുക അങ്കണവാടി വർക്കർമാർ നൽകിവരുന്ന രീതിയാണ് അവലംബിച്ചുവരുന്നത്.

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടകയിനത്തിൽ കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കുന്ന വാടകയും യഥാർത്ഥ വാടകയും തമ്മിലുള്ള വ്യത്യാസം അതത് തദ്ദേശഭരണ സ്ഥാപനം വഹിക്കേണ്ടതാണെന്ന് 22.03.2011ലെ സർക്കുലർ നം.31055/ഡി.സി.2/2011/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇതു പ്രകാരം വാടക നൽകാൻ നാളിതുവരെ ഗ്രാമപ്പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ടി സർക്കുലറിലെ നിർദ്ദേശം പാലിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 3-38 ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കാതെ ഫൈനൽ ബിൽ നൽകി

| | |
|---|---|
| പ്രോജക്ട് നം. | 58/18 |
| പ്രോജക്ടിന്റെ പേര് | ഏനാത്ത് ഹോമിയോ ആശുപത്രി മെയിന്റനൻസ് |
| അടങ്കൽ | ₹275000 |
| കൺവീനർ | ശ്രീ മനോജ് കുമാർ |
| ഫൈനൽ ബിൽ തുക | ₹223557 |
| ബിൽ നം., തീ. | 9847/06.02.2018 |

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 56/17 പ്രകാരം ആവിഷ്കരിച്ച പദ്ധതിയാണ് ഹോമിയോ ആശുപത്രി മെയിന്റനൻസ്. ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ ഈ പ്രവൃത്തിക്ക് കൺവീനർ എഗ്രിമെന്റ് വെച്ചിരിക്കുന്നത് 03.03.16-ലാണ് (Agt.No.94/15-16). കൺവീനർ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചിരിക്കുന്നത് 29.08.17- ലാണ്. ഫൈനൽ ബിൽ പ്രകാരം കൺവീനർ 223557 രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്തൃസമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച വരവ് ചെലവ് കണക്കുകളുടെ അഭാവത്തിലാണ് കൺവീനർക്ക് പ്രതിഫലം നൽകിയിട്ടുള്ളതെന്ന് വ്യക്തമായി.

കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 13(6), സർക്കാർ ഉത്തരവ് നം.164/99/ത.സ്വ.ഭ.വ തീയതി 17.08.99 എന്നിവ പ്രകാരം ഗുണഭോക്തൃസമിതി ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്ര സാമഗ്രികളുടെ വാടക, ഇടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, മിനിറ്റ്സ് ബുക്ക് എന്നിവ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കികഴിഞ്ഞാൽ വരവ് ചെലവ് കണക്ക്, മസ്റ്റർ റോൾ, വൌച്ചറുകൾ, മിനിട്സ് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പഞ്ചായത്തിന് നൽകണം. പ്രവൃത്തി പൂർത്തീകരിച്ചശേഷം എക്സി.കമ്മിറ്റി യോഗം ചേർന്ന് കണക്കുകൾ പരിശോധിച്ച് വൌച്ചറുകൾ പാസ്സാക്കി മൊത്തം വരവു ചെലവു കണക്കുകൾ അംഗീകരിക്കണം. കൺവീനർക്ക് പ്രവൃത്തി നടത്തുന്നതിന് യഥാർത്ഥത്തിൽ ചെലവായ തുകയോ, ഫൈനൽ ബിൽ പ്രകാരമുള്ള തുകയോ, ഏതാണ് കുറവ് അതിനു മാത്രമാണ് അർഹതയുള്ളത്. എന്നാൽ മേൽ പറഞ്ഞ രേഖകൾ ഒന്നും തന്നെ കൺവീനർ പഞ്ചായത്തിൽ ഹാജരാക്കിയിട്ടില്ല. കൺവീനർക്ക് യഥാർത്ഥത്തിൽ ചെലവായ തുക കണക്കാക്കാതെ ഫൈനൽ ബിൽ തുക നൽകിയത് ക്രമവിരുദ്ധമാണ്. ചട്ടവിരുദ്ധമായി നൽകിയ 223557 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-39 ചെക്ക് മെഷർമെന്റ് നടത്താതെ ഫൈനൽ ബിൽ തുക നൽകി

പ്രോജക്ട് നം. : 175/18

പ്രോജക്ടിന്റെ പേര് : പ്ലാച്ചേരി പടി റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ : ₹ 400000

കരാറുകാരൻ : ശ്രീ ബിജി എം., താജ് ഭവനം, പഴകുളം

ഫൈനൽ ബിൽ തുക : ₹ 315066

എം.ബുക്ക് നം. : 14/17-18 (Page No. 1 to 11)

ബിൽ നം., തീ. : 6965/22.01.2018

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി.എഞ്ചിനീയർ നടപ്പാക്കിയ പ്ലാച്ചേരിപടി റോഡ് കോൺക്രീറ്റ് പ്രവൃത്തിയുടെ ഫൈനൽ ബിൽ പരിശോധിച്ചതിൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകൾ ക്രമപ്രകാരം ചെക്ക് മെഷർമെന്റ് നടത്താതെയാണ് ഫൈനൽ ബിൽ തയ്യാറാക്കി കരാറുകാരന് പ്രതിഫലം നൽകിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 15(3) പ്രകാരം ഓവർസീയർ രേഖപ്പെടുത്തുന്ന അളവുകൾ ഒരു അസി.എഞ്ചിനീയറും, അസി.എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകൾ ഒരു അസി.എക്സി. എഞ്ചിനീയറും ചെക്ക് മെഷർമെന്റ് നടത്തേണ്ടതാണ്.

ചട്ടം അനുശാസിക്കുന്ന പ്രകാരം ചെക്ക് മെഷർമെന്റ് നടത്തി അളവുകളുടെ കൃത്യത ബോദ്ധ്യപ്പെടാതെ ഫൈനൽ ബിൽ തുക നൽകിയത് ക്രമപ്രകാരമല്ല. ചെലവ് തടസ്സപ്പെടുത്തുന്നു. അപാകത, ഉചിതമായ വകുപ്പുതല നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ വിഷയത്തിൽ സ്വീകരിക്കുന്ന നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-40 ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന രേഖകളിലൊന്നായ ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

*ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.*

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പല കെട്ടിടങ്ങളുടെയും വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല (ഉദ: പനവിള യൂത്ത് സെന്റർ, ഓലിക്കുളങ്ങര സാംസ്കാരിക നിലയം, തടവിളപ്പടി കുടിവെള്ള പദ്ധതി).

56.5 ആർ സ്ഥലം (മാർക്കറ്റ്) ഏഴംകുളത്ത് ഉള്ളതായി ആസ്തി രജിസ്റ്ററിൽ കാണിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത സ്ഥലം എവിടെയാണെന്ന് ചൂണ്ടിക്കാണിക്കുന്നതിന് അധികൃതർക്ക് സാധിച്ചിട്ടില്ല

## 3-41 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗിച്ചില്ല

ചുവടെ ചേർക്കുന്ന സംയുക്ത പ്രോജക്ടുകൾക്കുവേണ്ടി ജില്ലാ പഞ്ചായത്തിൽനിന്നും ലഭിച്ച ഫണ്ട് പഞ്ചായത്ത് ചെലവഴിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ലഭിച്ച ഫണ്ട് | ലഭിച്ച തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | നെൽകൃഷി വികസനം | 87125 | 22.03.2018 | പ്രോജക്ട് സ്പിൽ ഓവറാക്കിയിട്ടില്ല. ഫണ്ട് തിരികെ ഒടുക്കണം |
| 2 | പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം | 2500000 | 28.03.2018 | |

സംയുക്ത പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽനിന്നും യഥാസമയം ലഭ്യമാക്കി ഫണ്ട് ചെലവഴിക്കുന്നതിനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. സംയുക്ത പ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിശദമായ നിർദ്ദേശങ്ങൾ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ ടി പ്രോജക്ടുകളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. ജി.ഒ.(പി)നം.07/2017ഫിൻ തീയതി 23.01.2017പ്രകാരം സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് സെപ്റ്റംബർ 30-നകം കൈമാറേണ്ടതാണ്. സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ട് ഫെബ്രുവരി 28-നകം ചെലവഴിച്ചില്ലെങ്കിൽ ഫണ്ട് നൽകിയ തദ്ദേശഭരണ സ്ഥാപനത്തിന് റീഫണ്ട് ചെയ്യേണ്ടതുമാണ്. എന്നാൽ ടി പദ്ധതികളുടെ കാര്യത്തിൽ ഫണ്ട് ലഭിച്ചിരിക്കുന്നത് സാമ്പത്തിക വർഷാന്ത്യത്തിലാണ്. ലഭിച്ച ഫണ്ട് പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സർക്കാർ ഫണ്ട് കൈകാര്യം ചെയ്തത് ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | ഇല്ല |
| | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 300000 | ഇല്ല |
| | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | 100000 | അനുപൂരക പോഷകാഹാരം | 100000 | 0 |
| | 400000 | പാലിയേറ്റീവ് കെയർ | 399609 | 391 |
| | 2500000 | സ്റ്റേഡിയം നവീകരണം | ഇല്ല | 2500000 |
| | 87125 | നെൽകൃഷി വികസനം | ഇല്ല | 87125 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി | 17-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി പി.ഡബ്ല്യൂ.ഡിക്ക് തുക കൈമാറൽ | 580000 | പൂർത്തീകരണ വിവരം ലഭ്യമല്ല | 580000 |
| വാട്ടർ അതോറിറ്റി | മൂന്നാം വാർഡിലെ വീരപ്പള്ളിൽ തേപ്പുപാററോഡിൽ പൈപ്പ്ലൈൻ നീട്ടൽ | 1390793 | | 1390793 |
| | പൈപ്പ്ലൈൻ നീട്ടൽ | 100000 | | 100000 |
| കെ.എസ്.ഇ.ബി | എസ്.സി കോളനികളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 408425 | | 408425 |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനും മീറ്റർ ഘടിപ്പിക്കലും | 2746919 | | 2746919 |
| | പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിക്ക് തുക നൽകൽ | 333220 | | 333220 |
| | ഏഴംകുളം വില്ലേജിൽ സ്ട്രീറ്റ് മെയിൻ | 20026 | | 20026 |
| | ആകെ | 5579383 | | 5579383 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

(i)

| ക്രമ നം. | 2017-18ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ(ആർ.റ്റി.) നം.961/2010 തീയതി 20.03.2010 | 19326000 | 3474500 | 1000000 | 0 | 2474500 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷാരംഭത്തിലുണ്ടായ നിക്ഷേപം | തൻവർഷം നിക്ഷേപിച്ച തുക | ആകെ | തന്നാണ്ടിൽ പിൻവലിച്ച തുക | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം |
|---|---|---|---|---|
| ഇല്ല | | | | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| പ്രവർത്തന അവലോകന റിപ്പോർട്ട് | 2013-14 | വെള്ളക്കരം ഇനത്തിൽ അധികം ഒടുക്കിയ തുക ക്രമീകരിച്ചിട്ടില്ല. വെള്ളപ്പാറ കുടിവെള്ളപദ്ധതി, പൊടിവിളക്കോളനി കുടിവെള്ള പദ്ധതി എന്നിവ പൂർത്തീകരിച്ചിട്ടില്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ആശുപത്രി മാനേജിംഗ് കമ്മറ്റി കണക്കുകളുടെ ഓഡിറ്റ്

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. കൂടാതെ ചട്ടം 9(4) പ്രകാരം വാർഷിക കണക്കുകൾ ഒരു ചാർട്ടേഡ് അക്കൗണ്ടിനെക്കൊണ്ടും ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ആശുപത്രിയുടെ പേര് | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം |
|---|---|---|---|
| | | വർഷം | |
| 1. | പി.എച്ച്.സി. ഏഴംകുളം | 2017-18 | കെഎസ്.എ.പി.റ്റി.എ.പി.3. 798/18തീയതി 07.06.2018 |
| 2. | ഗവ.ആയുർവ്വേദ ഡിസ്പെൻസറി, ഏഴംകുളം | 2017-18 | കെഎസ്.എ.പി.റ്റി.എ.പി.3. 774/18തീയതി 23.05.2018 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 97650673 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 76895051 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3072395 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 175980 | ഡോ.ജൂലിയറ്റ് ജി.പിള്ള, വെറ്ററിനറി സർജൻ |
| 3-7 | 76960 | ഡോ.ശ്രീജിത്ത് ബാബു, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-8 | 197200 | ശ്രീ.ബി.വിദ്യാധരൻ പിള്ള, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 150000 | ശ്രീ.ബി.വിദ്യാധരൻ പിള്ള, അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 100000 | ശ്രീ.സ്റ്റീഫൻ എം., അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 100000 | ശ്രീ.സ്റ്റീഫൻ എം., അസിസ്റ്റന്റ് സെക്രട്ടറി |
| 3-27 | 1082563 | ശ്രീമതി ജെ. മേരിലത, സെക്രട്ടറി |
| 3-32 | 651069 | ശ്രീമതി ജെ. മേരിലത, സെക്രട്ടറി |
| 3-38 | 223557 | ശ്രീമതി അണിമ സുഭാഷ്, അസിസ്റ്റന്റ് എഞ്ചിനീയർ (ചാർജ്ജ്) |
| 3-39 | 315066 | ശ്രീമതി ഷീജാമോൾ റ്റി.കെ., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 3072395 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| ഡോ.ജൂലിയറ്റ് ജി.പിള്ള, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ഏഴംകുളം ഗ്രാമപഞ്ചായത്ത്. | ഭാസ്കരവിലാസം, പയ്യനല്ലൂർ.പി.ഒ, ആലപ്പുഴ |
| ഡോ.ശ്രീജിത്ത് ബാബു, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഏഴംകുളം ഗ്രാമപ്പഞ്ചായത്ത് | ശ്രേയസ്സ്, പ്ലാച്ചേരി പി.ഒ, പുനലൂർ |
| ശ്രീ.ബി.വിദ്യാധരൻ പിള്ള, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, ഏഴംകുളം ഗ്രാമപ്പഞ്ചായത്ത് | കോയിപ്പുറത്ത് വീട്, മുളമ്പുഴ, പന്തളം പി.ഒ |
| ശ്രീ.സ്റ്റീഫൻ എം., അസിസ്റ്റന്റ് സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്, പെരിനാട് ഗ്രാമപ്പഞ്ചായത്ത് | എ.എ കോട്ടേജ്, കുമ്പളം പി.ഒ, പേരയം(വഴി), കൊല്ലം |
| ശ്രീമതി ജെ. മേരിലത, സെക്രട്ടറി | സെക്രട്ടറി, കുളക്കട ഗ്രാമപ്പഞ്ചായത്ത് | പൊൻപുലരി, പള്ളിശ്ശേരിക്കൽ, ശാസ്താംകോട്ട |
| ശ്രീമതി അണിമ സുഭാഷ്, | ഓവർസീയർ, ഏഴംകുളം ഗ്രാമപ്പഞ്ചായത്ത് | രഞ്ജിത്ത് ഭവനം, ചുനക്കര നോർത്ത് പി.ഒ, ചുനക്കര |
| ശ്രീമതി ഷീജാമോൾ റ്റി.കെ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | ഉഷസ്സ് വില്ല, നല്ലില പി.ഒ |

## 4-10 ചാർജ്ജ് - സർചാർജ്ജ് നടപടികളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 2007-08 | 3-15 | 23500 | കെ.കുശലകുമാർ, സെക്രട്ടറി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നം., തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ.പി.3/772/97 തീയതി.29-04-98 | 13(3)(6),29,30,31(1),31(2),32 |
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി.3/11/2000 തീയതി.02-12-2000 | 31 |
| 1999-00 | എൽ.എഫ്.പി.റ്റി.എ.പി.3/873/2000 തീയതി.01-03-01 | 30(3) |
| 2001-02 ജ.ആ | എൽ.എഫ്.പി.റ്റി.എ.പി.2/274/05 തീയതി.19-08-05 | 7 |
| 2001-02 വരവ് ചെലവ് | എൽ.എഫ്.പി.റ്റി.എ.പി.2/274/05 തീയതി.19-08-05 | 3-5 |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി.10.626/08 തീയതി.23.10.2008 | 3-4,3-13,3-7(B)1 to 6,3-7,3-8 3-9, 3-10, |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.4/1408/07 തീയതി.21-12-07 | 3-7 to 3-12 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.10/792/08 തീയതി.28-02-09 | 3-1,3-4(1),(2),(3),(4),3-5,2-2എ,2-2ബി,3-6 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.10/793/08 | 3-2,3-5, 3-6സി(1), (2)(3) |

| | | |
|---|---|---|
| | തീയതി.20-07-09 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.10/206/09 തീയതി.06-01-10/12-11-10 | 2-1,2-3(2), 2-4,2-5,2-6,3-11 to 3-18 3-21 to 3-24 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.10/154/10 തീയതി 08/10/2010 | 3-1 to 3-5, 3-7,3-9,3-12, 3-15to 3-19 |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി.10/144/2011 തീയതി.26.09.13 | 3-17,314,3-15 |
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ.പി.10/443/2013 തീയതി.01-10-13/04-09-14 | 3-1,3-3,3-5, 3-11 |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി.10/445/2013 തീയതി.01-10-13 | 3-4,3-8,3-10, 3-12,3-13(1), 3-17 |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി.10/1061/14 തീയതി.09-02-15 | 2-1 to 2-8, 3-2,3-5,3-6 |
| 2013-14 & 2014-15 | കെ.എസ് .എ പി.റ്റി.എ. പി.10/7351/15 തീയതി.12-08-15/24.08.15 | 1-3,3-6,3-16 |
| 2015-16 | കെ.എസ്.എ പി.റ്റി.എ.പി10-1203/16 തീയതി 17.11.2016 | 1-3,1-12, 1-15,3-2,3-5, 3-7,3-8 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി10/979/2017 തീയതി 11.09.2017 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട

അനുബന്ധം-1

നം.കെ.എസ്.എ.പി.റ്റി.എ.പി.10.1573/2018 തീയ്യതി: 07.01.2019

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായ ത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട

ANNEXURE - I

No.KSA.PTA.P10.1573/2018 Dated: 07.01.2019

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Ezhamkulam Grama Panchayat in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Ezhamkulam Gramma Panchayat for the year 2017-18 except the obeservations in my report properly presents the picture of income and expenditure.

HABEEB MUHAMMED

Deputy Director (H.G.)

Kerala State Audit Department

Pathanamthitta